പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അൻപതാമത് റിപ്പോർട്ട്

(2020 ഫെബ്രുവരി മാസം 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2004-2006)യുടെ പതിനൊന്നാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

**(2019-2021)**

## അൻപതാമത് റിപ്പോർട്ട്

(2020 ഫെബ്രുവരി മാസം 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2004-2006)യുടെ പതിനൊന്നാമത് റിപ്പോർട്ടിൻമേലുള്ള

ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

246/2020.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം - പ്രധാനപ്പെട്ട നിഗമനങ്ങളും/ശുപാർശകളും | : | 54 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2019-2021)

### ഘടന

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ:</u>

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

ശ്രീ. ടി.എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ.എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

---

* 2019 ഡിസംബർ മാസം 20-ാം തീയതി വരെ

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021)യുടെ 50-ാം മത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006) പതിനൊന്നാമത് റിപ്പോർട്ടിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ചത്) ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2020 ഫെബ്രുവരി മാസം 10-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായം നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി.*

തിരുവനന്തപുരം,
2020 ഫെബ്രുവരി 12.

# റിപ്പോർട്ട്

## അദ്ധ്യായം I

1.1. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)യുടെ പതിനൊന്നാമത് റിപ്പോർട്ട് 2006 ഫെബ്രുവരി മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 49 ശിപാർശകളാണുള്ളത്. ഇവയിൽ ശിപാർശ ഖണ്ഡിക 36, 59, 127, 151, 189 എന്നിവയിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

1.3 റിപ്പോർട്ടിലെ ശിപാർശ ഖണ്ഡികകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ 6-8-2008, 12-11-2008, 10-11-2009, 9-2-2010, 11-2-2015, 19-8-2015, 19-12-2018 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും ശിപാർശ ഖണ്ഡിക 111, 118, 123 എന്നിവയിന്മേൽ ലഭ്യമാക്കിയ മറുപടികൾ തൃപ്തികരമല്ലാതിരുന്നതിനാൽ ഇവ സംബന്ധിച്ച് സമിതി 22-9-2015-ലെ യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തി.

1.4 റിപ്പോർട്ടിലെ 29, 57, 102, 118, 123, 143, 201, 212, 270, 276 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിച്ച സമിതി ഇവ സംബന്ധിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അധികവിവരം ആരാഞ്ഞു. എന്നാൽ ആയതിനുള്ള മറുപടി നാളിതുവരെ ലഭിച്ചിട്ടില്ല. സമിതി ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ മറുപടി പരിഗണനാ യോഗങ്ങളിൽ സമിതി ആരാഞ്ഞ അധിക വിവരങ്ങൾ എന്നിവയ്ക്ക് യഥാസമയം മറുപടി നൽകുന്നതിന് വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന കാലതാമസം സമിതിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഇത്തരം നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ കാലവിളംബം കൂടാതെ മറുപടികൾ ലഭ്യമാക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നതിനും സമിതി നിർദ്ദേശിക്കുന്നു.

1.5 സമിതി റിപ്പോർട്ടിലെ ശിപാർശകൾ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാകുറിപ്പ്, തുടർശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.6 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

1.7 സമിതി റിപ്പോർട്ടിലെ ശിപാർശയിന്മേൽ നാളിതുവരെ സർക്കാർ മറുപടി ലഭ്യമാക്കാത്ത ശിപാർശകൾ അദ്ധ്യായം IV-ൽ ചേർത്തിരിക്കുന്നു.

സമിതി 2006-ൽ സമർപ്പിച്ച ടി റിപ്പോർട്ടിലെ അവശേഷിക്കുന്ന ശിപാർശകളിൽ നാളിതുവരെ മറുപടി ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാനും നിർദ്ദേശിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകളും, സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശ കളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും തുടർ ശിപാർശകളും

### ഖണ്ഡിക നമ്പർ 29

### ശിപാർശ

2.1 ഓഡിറ്റ് നിരീക്ഷണ പ്രകാരമുള്ള 1,16,000 രൂപ (വട്ടിയൂർക്കാവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയ കണക്ക് പ്രകാരം 1,01,600) 30-6-1998 മുതൽ 31-8-1999 വരെയുള്ള 14 മാസക്കാലം നിർവ്വഹണ ഉദ്യോഗസ്ഥന്റെ കൈവശം സൂക്ഷിച്ചിരുന്നുവെന്ന വസ്തുത വളരെ ഗുരുതരമായിട്ടുള്ളതും താൽക്കാലിക ധനാപഹരണവുമാണെന്നാണ് സമിതി വിലയിരുത്തുന്നത്. പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന തുക പൂർണ്ണമായി ചെലവഴിച്ചെങ്കിൽപോലും നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. മണിപെരുമാൾ 14 മാസം തുക കൈവശം വച്ചിരുന്നത് ഗുരുതരമായ ക്രമക്കേടായി സമിതി വിലയിരുത്തുന്നു. ഇങ്ങനെ തുക കൈവശം വച്ചിരുന്ന ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്തുവെങ്കിൽപോലും അദ്ദേഹത്തിൽനിന്ന് പ്രസ്തുത തുകയ്ക്ക് 14 മാസത്തെ പലിശ ഈടാക്കാൻ തിരുവനന്തപുരം റൂറൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.1.2 നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. മണി പെരുമാളിൽ നിന്ന് 1,01,600 രൂപ കൈവശം സൂക്ഷിച്ചിരുന്ന 14 മാസത്തെ 12% പലിശയായ 14,224 രൂപ തിരുവനന്തപുരം ജില്ലാകളക്ടർ മുഖേന റവന്യൂ റിക്കവറി

നടപടിയിലൂടെ ഈടാക്കുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുള്ള വിവരം ഇല്ലാതായ തിരുവനന്തപുരം റൂറൽ ബ്ലോക്കിന്റെ ചാർജ്ജ് ഓഫീസറായ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.1.3 തിരുവനന്തപുരം റൂറൽ ബ്ലോക്കിലെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന മുൻ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. മണിപെരുമാളിൽ നിന്നും 1,01,600 രൂപ 14 മാസക്കാലം കൈവശം സൂക്ഷിച്ചതിന്റെ 12% പലിശയായ 14224 രൂപ റവന്യൂ റിക്കവറി ചെയ്ത് ഈടാക്കുന്നതിന് നിശ്ചിത പ്രൊഫോർമയിൽ ജില്ലാ കളക്ടർക്ക് നൽകിയതായി നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തിരുവനന്തപുരം ജില്ലാ ഓഡിറ്റ് ഓഫീസിനെ അറിയിച്ചിട്ടുണ്ട്. (4-10-2017-ലെ ബി. പി2/496/2017/എൻ.ഡി. നമ്പർ കത്ത്)

**തുടർശിപാർശ**

**2.1.4 റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 57

**ശിപാർശ**

2.2.1 മൂന്ന് സഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്ത് ദിവസങ്ങൾക്കുള്ളിൽ തന്നെ പ്രോജക്ട് തുക വിതരണം ചെയ്യുകയാണ് ഉണ്ടായത്. സംഘങ്ങൾ രജിസ്റ്റർ ചെയ്തെങ്കിലും അംഗങ്ങളിൽ നിന്ന് ഓഹരി മൂലധനം പിരിച്ചെടുക്കുകയോ ഗ്രാമസഭ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ ചെയ്തിട്ടില്ല. ഒരു സംഘം രജിസ്റ്റർ ചെയ്ത് പിറ്റേദിവസം തന്നെ ലക്ഷക്കണക്കിന് രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് സൊസൈറ്റികൾക്ക് ധനസഹായമായി കൈമാറി. 39.28 ലക്ഷം രൂപയാണ് ഈ മൂന്ന് സഹകരണ സംഘങ്ങൾക്കായി കൈമാറിയിട്ടുള്ളത്. ഇത്രയും ഭീമമായ തുക മൂന്ന് സംഘങ്ങൾക്കുമായി നൽകുകയും പ്രസ്തുത സൊസൈറ്റികൾ പ്രവർത്തന രഹിതമായി തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ സംഘങ്ങളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിന് ബന്ധപ്പെട്ട സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറോട് ബ്ലോക്ക് പഞ്ചായത്ത് രേഖാമൂലം ആവശ്യപ്പെടണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.2.2 സമിതി നിർദ്ദേശപ്രകാരം താഴെ പറയുന്ന 3 സഹകരണ സംഘങ്ങളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കണമെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ

നെടുമങ്ങാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി സംഘങ്ങളുടെ അക്കൗണ്ട് മരവിപ്പിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ബാങ്കുകൾക്ക് നൽകിയിട്ടുള്ളതായി അസിസ്റ്റന്റ് രജിസ്ട്രാർ ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. കാർഷികോല്പന്ന സംഭരണ, സംസ്കരണ, വിപണന വനിതാസംഘം, പാലോട് T-1421.

2. പട്ടികജാതി വനിതാ സഹകരണ സംഘം-ഓഫീസ് സ്റ്റേഷനറി നിർമ്മാണ യൂണിറ്റ്, വെള്ളമണ്ണടി T-1420.

3. പട്ടികവർഗ്ഗ വനിതാ സഹകരണ സംഘം-ഓഫീസ് സ്റ്റേഷനറി നിർമ്മാണ യൂണിറ്റ് നമ്പർ T-1419 മൈലമൂട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.2.3 സഹകരണ സംഘങ്ങളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചതായുള്ള യാതൊരു രേഖകളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

**തുടർശിപാർശ**

2.2.4 **പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും അവയുടെ ധനവിനിയോഗം സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അടിയന്തരമായി ഹാജരാക്കുവാനും അധിക ധനവിനിയോഗം സംബന്ധിച്ച വിശദാംശം ഒരു മാസത്തിനുള്ളിൽ സമിതിക്ക് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 102</u>

**ശിപാർശ**

2.3.1 ചട്ടപ്രകാരം 50,000 രൂപ വരെ മാത്രമെ മൊബിലൈസേഷൻ അഡ്വാൻസ് നൽകാൻ പാടുള്ളുവെന്ന വ്യവസ്ഥ ലംഘിച്ചുകൊണ്ടാണ് 4,00,000 രൂപ വരെ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയത്. 1997-98 വർഷം ആരംഭിച്ച പ്രോജക്ടിന്റെ ഫൈനൽ ബിൽ ഇതുവരെയും തയ്യാറാക്കിയിട്ടില്ല. വാണിജ്യകേന്ദ്രത്തിൽ മുറികൾ അനുവദിച്ച് നൽകുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. പല സ്ഥാപനങ്ങൾക്കും വാടക ഇളവ് അനുവദിച്ചു. ഇക്കാര്യങ്ങളെല്ലാം പരിഗണിക്കുമ്പോൾ നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഗുരുതരമായ ലംഘനം നടന്നിരിക്കുന്നുവെന്നാണ് സമിതി വിലയിരുത്തുന്നത്. അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സമിതിയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. എം.എ.എസ്. ഖാൻ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ ഗുരുതരമായ ക്രമക്കേട് നടത്തിയിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ഒരു വിജിലൻസ് അന്വേഷണം

നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണമെന്നും തുടർനടപടികൾ സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2.3.2 1997-2000 കാലയളവിൽ അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എം. എ. സഫറുള്ളഖാൻ സമർപ്പിച്ച ഹർജി സംബന്ധിച്ച വിഷയത്തിൽ ഹർജി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അയച്ചു കൊടുത്ത് റിപ്പോർട്ട് ആവശ്യപ്പെടാൻ 12-11-2008-ലെ സമിതി യോഗം തീരുമാനിച്ചു.

<u>12-11-2008-ലെ സമിതിയോഗ നിർദ്ദേശപ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട്</u>

2.3.3 <u>ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം അപാകതകൾ</u>

1997-ലെ കേരള പഞ്ചായത്ത് രാജ് ചട്ടം 13(7)-ന് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) വിരുദ്ധമായി കൺവീനർക്ക് ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം അഡ്വാൻസ് നൽകിയതിനെക്കുറിച്ച് വ്യക്തമായ മറുപടി നൽകിയിട്ടില്ല. ഒന്നാം പാർട്ട് ബിൽ തുക 2,71,862 രൂപയിൽ നിന്നും മുൻകൂർ നൽകിയ തുക 1,00,000 രൂപ നിയമപരമായി കുറവുചെയ്യാതെ 60,000 രൂപ മാത്രം കുറവുചെയ്തതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

ടി പ്രവൃത്തിയുടെ രണ്ടാം പാർട്ട്ബിൽ പ്രകാരം കൺവീനർക്ക് തുക നൽകിയതിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ബന്ധപ്പെട്ട ഫയലിൽ വച്ചിട്ടുള്ള രണ്ടാം പാർട്ട്ബിൽ കോപ്പിയിലെ തുകകൾ കൂട്ടിയെഴുതിയിട്ടുള്ളത് ശരിയല്ലെന്ന് ബോദ്ധ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ടാം പാർട്ട് ബില്ലിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള എം. ബുക്ക് നമ്പർ 5/97-98 (പേജ് നമ്പർ 23 മുതൽ 33 വരെ) പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| | ആകെ ബിൽ തുക | : | 7,32,201 രൂപ |
| | <u>കുറയ്ക്കുക</u> | | 2,71,862 |
| 1 | ഒന്നാം പാർട്ട്ബിൽ | : | 4,60,339 |
| 2 | നികുതികൾ | : | 9,667 |
| | | | 4,50,672 |
| 3 | 9/98-ൽ നൽകിയ അഡ്വാൻസ് 3,00,000 രൂപയും ഒന്നാം പാർട്ട് ബില്ലിൽ ക്രമീകരിക്കാത്ത അഡ്വാൻസ് 40,000 രൂപയിൽ നിന്നും 10,000 രൂപയും കുറച്ചത് | : | 3,10,000 |
| | | | 1,40,672 |

ടി തുക ചെക്ക് നമ്പർ 628996/29-11-1998 പ്രകാരം കൺവീനർക്ക് നൽകിയിട്ടുണ്ട്.

പാർട്ട് ബിൽ 3-ന്റെ കോപ്പി ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടില്ല. മൂന്നാം പാർട്ട്ബിൽ, ഫൈനൽ ബിൽ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 1 തീയതി 17-7-2009) "എത്രയും പെട്ടെന്ന് സമർപ്പിക്കാമെന്ന" മറുപടി മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. എം. ബുക്ക് നമ്പർ 5/97-98 (പേജ് നമ്പർ 49 മുതൽ 63 വരെ) പ്രകാരമുള്ള മൂന്നാം പാർട്ട്ബിൽ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | രൂപ |
|---|---|---|
| ആകെ ബിൽ തുക | .. | 8,13,590 |
| 2-ാം പാർട്ട്ബിൽ തുക കുറവ് ചെയ്തത് | .. | 7,32,201 |
| <u>കുറയ്ക്കുക</u> | | 81,389 |
| 1 നികുതികൾ | .. | 1,709 |
| | | 79,680 |
| 2 അഡ്വാൻസ് ക്രമീകരിക്കാൻ ബാക്കി നിന്ന തുകയായ 3,00,000 രൂപയിൽ നിന്ന് 25,000 രൂപ കുറച്ചത് | .. | 25,000 |
| | | 54,680 |

ബന്ധപ്പെട്ട ഫയലിനോടൊപ്പം ടി തുക 54,680 രൂപ കൺവീനർക്ക് നൽകിയതിന്റെ കൈപ്പറ്റ് രസീത്, ചെക്കിന്റെ വിശദാംശങ്ങൾ എന്നിവ സൂക്ഷിച്ചിട്ടില്ല. നാളിതുവരെയും ഫൈനൽ ബിൽ തയ്യാറാക്കുകയോ ആയതിന്റെ വിശദാംശങ്ങൾ പരിശോധനാ വിധേയമാക്കുകയോ ചെയ്തിട്ടില്ല.

ആകയാൽ ഓഡിറ്റ് ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ ടിയാന്റെ ഹർജിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ കഴിയുന്നതല്ലെന്ന് റിപ്പോർട്ട് ചെയ്യുന്നു.

ഷോപ്പിംഗ് കോംപ്ലക്സിലെ രണ്ട് മുറികൾ 1-4-2001 മുതൽ 500 രൂപ പ്രതിമാസ നിരക്കിൽ ഗ്രാമ്യ മാർക്കറ്റിംഗ് സൊസൈറ്റി, റീജിയണൽ ട്രെയിനിംഗ് സെന്റർ (ആർ.റ്റി.സി.) എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ 1-4-2004 മുതൽ മാത്രമേ വാടക രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളതായി കാണുന്നുള്ളൂ. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ ഗ്രാമ്യ മാർക്കറ്റിംഗ് സൊസൈറ്റിയുടെ 1-4-2001 മുതൽ 31-3-2004 വരെയുള്ള വാടക കുടിശ്ശിക 18,000 രൂപ (36 മാസം X 500 = 18,000) ചെക്ക് നമ്പർ 233816/29-3-2004 പ്രകാരം നൽകിയിട്ടുള്ളത് 29-3-2004 ൽ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ആർ.റ്റി.സി.യുടെ വാടക കുടിശ്ശിക ഈടാക്കിയത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

## സമിതി ആരാഞ്ഞ അധികവിവരം

2.3.4 ഹർജിയിൽ പറഞ്ഞിട്ടുള്ളതും കെട്ടിടം നിർമ്മാണം സംബന്ധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ചൂണ്ടിക്കാട്ടിയതുമായ തുക മുഴുവൻ തിരിച്ചുപിടിച്ചിട്ടുള്ളതിനാൽ തുടർ നടപടി ഒഴിവാക്കുവാനും വാടക കുടിശ്ശിക ഈടാക്കിയത് സംബന്ധിച്ച് വിശദ വിവരം ആരായാനും സമിതി തീരുമാനിച്ചു.

## സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം

2.3.5 ടി കാലഘട്ടത്തിൽ പ്രസിഡന്റായിരുന്ന ശ്രീ. പശുപാലൻ മരണപ്പെട്ട് പോയിട്ടുള്ളതാണ്. സെക്രട്ടറിയായിരുന്ന ശ്രീ. എം. എ. സഫറുള്ളഖാനെതിരെ 12873/ഇ 3/08/വിജി. നമ്പർ ഉത്തരവ് പ്രകാരം വിജിലൻസ് അന്വേഷണം നടന്നിരുന്നു. എന്നാൽ ടി അന്വേഷണറിപ്പോർട്ടിൽ ടിയാനെതിരെ പരാമർശ വിഷയത്തിൽ തെളിവുകൾ ലഭിക്കാതിരുന്ന സാഹചര്യത്തിലും ടി പ്രവർത്തികളുമായി ബന്ധപ്പെട്ട് സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും സംഭവിച്ചിട്ടില്ല എന്ന് കണ്ടെത്തിയതിനാലും ശ്രീ. എം. എ. സഫറുള്ളഖാനെതിരെയുള്ള അച്ചടക്ക നടപടികൾ 24-4-2013-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1132/2013 ത.സ്വ.ഭ.വ. പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## അധിക വിവരത്തിന്മേലുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.3.6 തദ്ദേശസ്വയംഭരണ(പി) വകുപ്പിന്റെ 12-6-1998-ലെ നമ്പർ 24404/പി8/98/ത.ഭ.വ. സർക്കുലർ പ്രകാരം 50,000 രൂപ വരെ മാത്രമേ മൊബിലൈസേഷൻ അഡ്വാൻസ് നൽകുവാൻ പാടുള്ളൂ എന്ന വ്യവസ്ഥ ലംഘിച്ചുകൊണ്ടാണ് 4,00,000 രൂപ വരെ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് എന്ന ഖണ്ഡികയിന്മേൽ പരാമർശിക്കപ്പെട്ടിട്ടുള്ള ക്രമക്കേടുകൾക്ക് ഉത്തരവാദിയായിട്ടുള്ള ശ്രീ. എം. എ. സഫറുള്ളഖാൻ (അന്നത്തെ ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി), ശ്രീ. എം. ഡി. പശുപാലൻ (അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്) എന്നിവർക്കെതിരെ വിജിലൻസ് എൻക്വയറിക്ക് ഉത്തരവിടുകയും വിജിലൻസ് റിപ്പോർട്ടിൽ 50,000 രൂപ മാത്രമേ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയിട്ടുള്ളൂ എന്നും, ആയത് കൺവീനറിൽ നിന്നും റിക്കവറി നടത്തിയിട്ടുണ്ട് എന്നും ബാക്കിയുള്ള 5,000 രൂപ പലിശ സഹിതം കൊല്ലം സബ്ട്രഷറിയിൽ 2-7-2009-ൽ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികയിലെ പരാമർശത്തിൽനിന്നും തികച്ചും വ്യത്യസ്തമാണിത്. ചെയ്ത പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയതിന് ശേഷമല്ല അഡ്വാൻസുകൾ

നൽകിയത്. ആയതിനാൽ അനുവദിച്ച 4,00,000 രൂപ മൊബിലൈസേഷൻ അഡ്വാൻസായി മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ. 50,000 രൂപ മാത്രമാണ് ഇത്തരത്തിൽ അനുവദിക്കുന്നതിന് സർക്കാർ അനുമതിയുള്ളത്. ഗ്രാമവികസന വകുപ്പിന്റെ സ്ഥലത്ത് വ്യാപാര കേന്ദ്രം സർക്കാരിന്റെ അനുമതിയില്ലാതെ നിർമ്മിച്ചതും, അതിൽ മുറികൾ അനുവദിച്ചതിന്റെയും വാടക ഇളവ് അനുവദിച്ചതിന്റെയും ക്രമക്കേടുകളെ കുറിച്ച് വിജിലൻസ് റിപ്പോർട്ടിൽ പരാമർശം കാണുന്നില്ല.

**തുടർശിപാർശ**

**2.3.7 ചെയ്ത പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്താതെ മുൻകൂർ നൽകിയത് സംബന്ധിച്ച പരാമർശത്തിന്മേലുള്ള നടപടി അവസാനിപ്പിക്കാനും സർക്കാരിന്റെ അനുമതിയില്ലാതെ വ്യാപാരകേന്ദ്രം നിർമ്മിച്ചതിലും വാടക അനുവദിച്ചതിലുമുള്ള ക്രമക്കേട് സംബന്ധിച്ച് അന്വേഷണത്തിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 118

**ശിപാർശ**

2.4.1 ഗ്രാമവികസന കമ്മീഷണർ മുകളിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള അപാകതകൾ കണക്കിലെടുക്കുമ്പോൾ കശുവണ്ടിപ്പരിപ്പ് സംസ്കരണ-വിപണന സംഘം കടലാസിൽ മാത്രം ഒതുങ്ങുന്ന ഒരു സഹകരണ സംഘമായിരുന്നുവെന്നും പ്രസ്തുത സംഘത്തിന് ബ്ലോക്ക് പഞ്ചായത്ത് കൈമാറിയ തുക ദുർവിനിയോഗം ചെയ്തിട്ടുണ്ടാകുമെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. സംഘം പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള എസ്.ബി. അക്കൗണ്ടിൽ നിന്നും 1,25,000 രൂപ 12-6-1998-ന് പിൻവലിച്ചെങ്കിലും ഇത് എന്ത് ആവശ്യത്തിനായി വിനിയോഗിച്ചു വെന്ന് രേഖയില്ലാത്തതിനാൽ പ്രസ്തുത തുക എന്തിനുവേണ്ടി ചെലവഴിച്ചുവെന്ന് കണ്ടെത്തുന്നതിനായി ഇക്കാര്യവും വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

12-11-2008-ലെ യോഗം

2.4.2 1997-2000 കാലയളവിൽ അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി യായിരുന്ന ശ്രീ. എം. എ. സഫറുള്ളഖാൻ സമർപ്പിച്ച ഹർജി സംബന്ധിച്ച വിഷയത്തിൽ ഹർജി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അയച്ചുകൊടുത്ത് റിപ്പോർട്ട് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

## 12-11-2008-ലെ സമിതിയോഗ നിർദ്ദേശപ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട്

2.4.3 കശുവണ്ടിപ്പരിപ്പ് സംസ്കരണ വിപണന സംഘത്തിന്റെ പാസ്ബുക്കിൽ നീക്കിയിരിപ്പുള്ള 15,077 രൂപയും 12% പലിശയും ചേർത്ത് 22,022 രൂപ ചെലാൻ നമ്പർ 445/9-6-2004 പ്രകാരം ടി.പി.എ. 3470-ാം നമ്പർ അക്കൗണ്ടിൽ തിരിച്ചടച്ചിട്ടുള്ളത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

## സർക്കാർ സ്വീകരിച്ച നടപടി

2.4.4 ടി കാലഘട്ടത്തിൽ പ്രസിഡന്റായിരുന്ന ശ്രീ. പശുപാലൻ മരണപ്പെട്ട് പോയിട്ടുള്ളതാണ്. സെക്രട്ടറിയായിരുന്ന ശ്രീ. എം. എ. സഫറുള്ളഖാനെതിരെ 12873/ഇ 3/08/വിജി. നമ്പർ ഉത്തരവ് പ്രകാരം വിജിലൻസ് അന്വേഷണം നടന്നിരുന്നു. എന്നാൽ ടി അന്വേഷണ റിപ്പോർട്ടിൽ ടിയാനെതിരെ പരാമർശ വിഷയത്തിൽ തെളിവുകൾ ലഭിക്കാതിരുന്ന സാഹചര്യത്തിലും ടി പ്രവർത്തികളുമായി ബന്ധപ്പെട്ട് സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും സംഭവിച്ചിട്ടില്ല എന്ന് കണ്ടെത്തിയതിനാലും ശ്രീ. എം. എ. സഫറുള്ളഖാനെതിരെയുള്ള അച്ചടക്ക നടപടികൾ 24-4-2013-ലെ സർക്കാർ ഉത്തരവ് (സാധ.) നമ്പർ 1132/2013/ത.സ്വ.ഭ.വ. പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.4.5 കശുവണ്ടി പരിപ്പ് സംസ്കരണ വിപണന സംഘത്തിനായി നൽകിയ 1,25,000 രൂപയുടെ ചെലവ് സംബന്ധിക്കുന്ന വിശദവിവരം ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതാണ് (ഓഡിറ്റ് റിപ്പോർട്ട് 1997-98, ഖണ്ഡിക 27). എന്നാൽ ബ്ലോക്ക്പഞ്ചായത്ത് കൈമാറിയ തുക ദുർവിനിയോഗം ചെയ്തിട്ടുണ്ടാകുമെന്ന സമിതിയുടെ അനുമാനം സമിതി ശിപാർശ പ്രകാരം വിജിലൻസ് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ എന്നുള്ളത് വ്യക്തമല്ല. പ്രവർത്തനക്ഷമമായിരുന്ന സംഘത്തിനുവേണ്ടി പദ്ധതി പ്രകാരം വാങ്ങുവാൻ ഉദ്ദേശിച്ചിരുന്ന കശുവണ്ടി സംസ്കരണത്തിനുള്ള ഉപകരണങ്ങൾ വാങ്ങാതെ ഫർണിച്ചറുകളും കശുവണ്ടിപ്പരിപ്പും മാത്രം വാങ്ങിയതിലൂടെ സാമ്പത്തിക ദുർവ്യയവും പാഴ്ചെലവും നടന്നതായി കാണുന്നു.

കശുവണ്ടിപ്പരിപ്പ് സംസ്കരണ വിപണന സംഘത്തിൽ 20-6-1998-ന് 1,25,000 രൂപ പദ്ധതി വിഹിതം ലഭിച്ചുവെങ്കിലും ചെലവ് ആരംഭിക്കുന്നത് 8-3-2000 മുതൽ മാത്രമാണ്. ഇതിൽ 1,23,350 ചെലവഴിച്ച് 372 കിലോഗ്രാം കശുവണ്ടിപ്പരിപ്പ് വാങ്ങിയെങ്കിലും ആയത് സംസ്കരിച്ച് വിറ്റുകിട്ടിയ തുക വരവിൽ വന്നിട്ടില്ല.

11-2-2015-ലെ സമിതി യോഗ നിർദ്ദേശം

2.4.6 പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുക.

22-9-2015-ലെ തെളിവെടുപ്പ് യോഗം

2.4.7 പ്രസ്തുത ഖണ്ഡികയിലെ വിഷയം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കശുവണ്ടിത്തൊഴിലാളികൾക്ക് തൊഴിൽ ലഭ്യത കുറയുമ്പോൾ സംഘംവഴി തൊഴിൽ കൊടുക്കുന്നതിന് രൂപീകരിച്ച കശുവണ്ടിപ്പരിപ്പ് സംസ്കരണ വിപണന സംഘത്തിന്റെ പ്രസിഡന്റും സെക്രട്ടറിയും യഥാക്രമം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയുമായിരുന്നുവെന്ന് ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. സംഘത്തിന്റെ പേരിലുണ്ടായിരുന്ന അക്കൗണ്ടിലെ 5 ലക്ഷം രൂപയിൽ 1,25,000 രൂപ പിൻവലിച്ചുവെങ്കിലും അത് എന്താവശ്യത്തിന് വിനിയോഗിച്ചുവെന്ന് രേഖയിലില്ലാത്തതിനാൽ അത് കണ്ടെത്തുന്നതിന് സമിതി നിർദ്ദേശപ്രകാരം നടത്തിയ വിജിലൻസ് അന്വേഷണത്തിൽ സെക്രട്ടറിയെ കുറ്റവിമുക്തനാക്കിയെന്നും ഗ്രാമവികസന കമ്മീഷണറുടെ ശിപാർശയുടെയും വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി(Rtd.)യെ തുടർ നടപടികളിൽ നിന്ന് ഒഴിവാക്കിയെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

വിജിലൻസ് ഒഴിവാക്കിയതുകൊണ്ട് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന്റെ കണ്ടെത്തലിന്റെ ഭാഗമായുള്ള തുടർ നടപടികളിൽ നിന്ന് ഒഴിവാക്കണമെന്നില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. സംഘത്തിന് അനുവദിച്ച ഫണ്ട് വിനിയോഗിച്ച് വാങ്ങിയ 372 കി. ഗ്രാം കശുവണ്ടി സംസ്കരിച്ച് വില്പന നടത്തിയ ഇനത്തിൽ ലഭിച്ച വരുമാനം വരവിൽ ഉൾക്കൊള്ളിക്കാത്തതും ആയത് വിനിയോഗിച്ചതും സംബന്ധിച്ച് ദുരൂഹത നിലനിൽക്കുന്നതായി സമിതി നിരീക്ഷിച്ചു. പ്രസ്തുത ദുരൂഹത നിലനിൽക്കെ ഉത്തരവാദിയെന്ന് സംശയിക്കപ്പെടുന്ന ഉദ്യോഗസ്ഥനെ കുറ്റവിമുക്തനാക്കിയ നടപടി ഉചിതമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ആവശ്യപ്പെട്ടു.

**തുടർ ശിപാർശ**

2.4.8 **സംഘത്തിന് അനുവദിച്ച ഫണ്ട് വിനിയോഗിച്ച് വാങ്ങിയ 372 കിലോ ഗ്രാം കശുവണ്ടി സംസ്കരിച്ച് വിൽപ്പന നടത്തിയ ഇനത്തിൽ ലഭിച്ച വരുമാനം വരവിൽ ഉൾക്കൊള്ളിക്കാത്തതും ആയത് വിനിയോഗിച്ചതും സംബന്ധിച്ച് ദുരൂഹത നിലനിൽക്കെ ഉത്തരവാദിയെന്ന് സംശയിക്കപ്പെടുന്ന ഉദ്യോഗസ്ഥനെ കുറ്റവിമുക്തനാക്കിയ നടപടി ഉചിതമല്ലെന്ന് വിലയിരുത്തിയ സമിതി ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ നിർദ്ദേശിക്കുന്നു.**

<u>ഖണ്ഡിക നമ്പർ 123</u>

**ശിപാർശ**

2.5.1 അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തന്നെ പ്രസിഡന്റായിരുന്ന മാർക്കറ്റിംഗ് ആന്റ് സെയിൽസ് സഹകരണ സംഘത്തിനാണ് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതം, ജില്ലാ പഞ്ചായത്തിന്റെ വിഹിതം എന്നിങ്ങനെ 5 ലക്ഷത്തിലധികം രൂപ ധനസഹായമായി നൽകിയത്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം. ഡി. പശുപാലൻ തന്നെ പ്രസിഡന്റായ മാർക്കറ്റിംഗ് സഹകരണ സംഘത്തിന് ധനസഹായം നൽകിയ നടപടി ഇതു സംബന്ധമായ സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമാണ്. ഇങ്ങനെ ധനസഹായം നൽകുമ്പോൾ ഇത് ചട്ടവിരുദ്ധമാണെന്ന് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. എം. എ. സഫറുള്ള ഖാൻ (ഇപ്പോൾ കൊല്ലം വി.എച്ച്.എസ്.ഇ. അസിസ്റ്റന്റ് ഡയറക്ടറായി ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ) രേഖാമൂലം ചൂണ്ടിക്കാണിക്കേണ്ടതായിരുന്നു. അപ്രകാരം ചെയ്യിട്ടില്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും തുല്യ ഉത്തരവാദികളാണ്. ആയതിനാൽ അഞ്ചാലുംമൂട് മാർക്കറ്റിംഗ് ആന്റ് സെയിൽസ് സഹകരണ സംഘത്തിന് ലഭിച്ച 5 ലക്ഷത്തിലധികം രൂപ എങ്ങനെ വിനിയോഗിച്ചുവെന്നും ഇതിൽ ബ്ലോക്ക് പഞ്ചായത്തിന് എത്ര രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നും ഈ നഷ്ടത്തിനുള്ള ഉത്തരവാദിത്വം ആരിലാണ് ചുമത്തേണ്ടതെന്നും കണ്ടെത്തുന്നതിനായി ഇക്കാര്യത്തിൽ സർക്കാർ ഒരു വിജിലൻസ് അന്വേഷണം നടത്തണമെന്നും അന്വേഷണ റിപ്പോർട്ടും അതിന്മേൽ സ്വീകരിച്ച അനന്തര നടപടികളും അടങ്ങുന്ന റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.5.2 ടി കാലഘട്ടത്തിൽ പ്രസിഡന്റായിരുന്ന ശ്രീ. പശുപാലൻ മരണപ്പെട്ടു പോയിട്ടുള്ളതാണ്. സെക്രട്ടറിയായിരുന്ന ശ്രീ. എം. എ. സഫറുള്ള ഖാനെതിരെ 12873/ഇ 3/08/വിജി. നമ്പർ ഉത്തരവ് പ്രകാരം വിജിലൻസ് അന്വേഷണം നടന്നിരുന്നു. എന്നാൽ ടി അന്വേഷണ റിപ്പോർട്ടിൽ ടിയാനെതിരെ പരാമർശ വിഷയത്തിൽ തെളിവുകൾ ലഭിക്കാതിരുന്ന സാഹചര്യത്തിലും ടി പ്രവൃത്തികളുമായി ബന്ധപ്പെട്ട് സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും സംഭവിച്ചിട്ടില്ല എന്ന് കണ്ടെത്തിയതിനാലും ശ്രീ. എം. എ. സഫറുള്ളാഖാനെതിരെയുള്ള അച്ചടക്ക നടപടികൾ 24-4-2013-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1132/2013/ത.സ്വ.ഭ.വ. പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.5.3 അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തന്നെ പ്രസിഡന്റായിരുന്ന മാർക്കറ്റിംഗ് ആന്റ് സെയിൽസ് സഹകരണ സംഘത്തിന് അഞ്ച് ലക്ഷത്തിൽപ്പരം രൂപ നൽകിയത് ചട്ടങ്ങൾക്കും, സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമാണെന്നുള്ള ഓഡിറ്റ് കണ്ടെത്തലിനെ സമിതി അംഗീകരിക്കുകയും ഇതിൽ ഈ തുക എങ്ങനെ വിനിയോഗിച്ചെന്നും ഇതിൽ ബ്ലോക്ക് പഞ്ചായത്തിന് എന്ത് നഷ്ടം സംഭവിച്ചുവെന്നും ഉത്തരവാദിയായവരെ കണ്ടെത്തുന്നതിനുമാണ് സമിതി വിജിലൻസിനെ ചുമതലപ്പെടുത്തിയിരുന്നത് എങ്കിലും ലഭിച്ച തുകയിൽ നിന്നും 4,05,625 രൂപ വിനിയോഗിച്ച് വാൻ വാങ്ങി സൊസൈറ്റി സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്നാണ് വിജിലൻസ് കണ്ടെത്തിയിട്ടുള്ളത്. ശേഷിക്കുന്ന ഒരു ലക്ഷത്തിൽപ്പരം രൂപയെ കുറിച്ചോ, സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമായി പദ്ധതി വിഹിതം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തന്നെ നേതൃത്വം നൽകിയിരുന്ന മാർക്കറ്റിംഗ് സഹകരണ സംഘത്തിന് നൽകിയതിനെക്കുറിച്ചോ വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല 4,05,625 രൂപ ചെലവഴിച്ച് വാൻ വാങ്ങി സൊസൈറ്റി സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തുവെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ടെങ്കിലും നിലവിൽ സൊസൈറ്റി പ്രവർത്തിക്കാത്ത സാഹചര്യത്തിൽ വാൻ ഇപ്പോൾ ആരുടെ നിയന്ത്രണത്തിലാണെന്ന് വ്യക്തമല്ല. ആയതിനാൽ ശ്രീ. എം. എ. സഫറുള്ള ഖാനെതിരെ പരാമർശിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾ തെളിയിക്കപ്പെട്ടിട്ടില്ലായെന്നും, സർക്കാരിനോ, പഞ്ചായത്തിനോ, ടി ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലായെന്നും, കൂടാതെ ടിയാൻ 31-1-2008-ൽ സർവ്വീസിൽ നിന്ന് വിരമിച്ചതിനാലും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. പശുപാലൻ മരിച്ചുപോയതിനാലും ഈ വിഷയത്തിൽ തുടർ നടപടികൾ ആവശ്യമില്ലെന്ന റിപ്പോർട്ട് മേൽ ഖണ്ഡികകളിലെ പരാമർശങ്ങളിന്മേൽ തീർപ്പ് കൽപ്പിക്കുവാൻ പര്യാപ്തമല്ലെന്നാണ് വ്യക്തമാകുന്നത്.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.5.4 ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുക.

<u>22-9-2015-ലെ തെളിവെടുപ്പ് യോഗം</u>

2.5.5 ബ്ലോക്ക് പഞ്ചായത്തിന്റെ ധനസഹായത്താൽ സഹകരണ സംഘത്തിന്റെ പേരിൽ വാങ്ങിയ വാഹനം അപ്രത്യക്ഷമാകുകയും വകയിരുത്തിയ തുകയിൽ ഒരു ലക്ഷം രൂപ കാണാതാവുകയും ചെയ്ത ഗൗരവമായ സംഗതിയിൽ ഒരു പിഴവും വന്നിട്ടില്ലെന്ന

വിജിലൻസ് വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും കണ്ടെത്തൽ അംഗീകരിക്കത്തക്കതല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത വാൻ ആരുടെയെങ്കിലും പേരിലേക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോയെന്നും എങ്കിൽ അത് ആരുടെ പേരിലാണെന്നും ബാക്കിവന്ന ഒരു ലക്ഷം രൂപയുടെ വിനിയോഗം സംബന്ധിച്ചും തദ്ദേശസ്വയംഭരണ വകുപ്പ് അന്വേഷിച്ച് വിജിലൻസ് റിപ്പോർട്ടിന്റെ പകർപ്പ് സഹിതം ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

**തുടർശിപാർശ**

**2.5.6 ബ്ലോക്ക് പഞ്ചായത്തിന്റെ ധനസഹായത്താൽ സഹകരണ സംഘത്തിന്റെ പേരിൽ വാങ്ങിയ വാൻ ആരുടെയെങ്കിലും പേരിലേക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോയെന്നും, ഇപ്പോൾ അത് ആരുടെ പേരിലാണെന്നും, പദ്ധതി തുകയിൽ ഒരു ലക്ഷം രൂപ എന്ത് ചെയ്തുവെന്നും അന്വേഷിച്ച് റിപ്പോർട്ട് നൽകുവാനും ഇതുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 143

**ശിപാർശ**

2.6.1 ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് അനുവദിച്ചതിനുശേഷം നഴ്സറി പ്രവർത്തിച്ചുവെന്നതിന് തെളിവായി ഇക്കാര്യത്തിലുള്ള മോണിറ്ററിംഗ് റിപ്പോർട്ടോ പ്രവർത്തന റിപ്പോർട്ടോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഇങ്ങനെയൊരു നഴ്സറി പ്രവർത്തിച്ചിരുന്നുവെന്ന് കണക്കാക്കാൻ ന്യായീകരണമില്ലെന്ന് സമിതി വിലയിരുത്തുന്നു. വെറുമൊരു കടലാസ് പ്രോജക്ട് എന്നതിലുപരിയായി ഈ നഴ്സറി കൊണ്ട് അവിടെയുള്ള കർഷകർക്ക് കാര്യമായ എന്തെങ്കിലും നേട്ടമുണ്ടാക്കി കൊടുക്കുന്നതിനോ കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പര്യാപ്തമായ സംഭാവനകൾ നൽകുന്നതിനോ കഴിഞ്ഞിട്ടില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ സർക്കാർ ഉത്തരവ് ലംഘിച്ചുകൊണ്ട് സ്വകാര്യ വ്യക്തിക്ക് ക്രമവിരുദ്ധമായി നൽകിയ ധനസഹായ തുക പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ജി. ഹരികുമാറിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾക്ക് രൂപം നൽകുമ്പോൾ അവയുടെ പ്രവർത്തനം നിരന്തരം നിരീക്ഷിക്കുന്നതിനും ഫലപ്രദമായി മോണിറ്ററിംഗ് നടത്തി അത്തരം പ്രോജക്ടുകളിലൂടെ ഗുണഭോക്താക്കൾക്കുണ്ടാകുന്ന ഭൗതിക നേട്ടം രേഖപ്പെടുത്തുന്നതിനും അത് വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.6.2 ഓഡിറ്റ് പരാമർശത്തിൽ പറയുന്ന 33,000 രൂപ തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ട് 19-7-2006-ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും എന്നാൽ 5-12-2006-ലെ ത.സ്വ.ഭ.വ. (പി.എ.) വകുപ്പിന്റെ 36447/പി.എ 2/06/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പ്രകാരം ടിയാളെ ഓഡിറ്റ് പരാമർശത്തിൽ നിന്ന് ഒഴിവാക്കിയതായി അറിയാൻ കഴിഞ്ഞുവെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്യുന്നു. കരാറുകാരനായ ശ്രീ. സാംകുട്ടിയിൽ നിന്ന് ടി തുക ഈടാക്കുവാനായി റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചുവെങ്കിലും അതിനെതിരെ ടിയാൾ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ W. P. (C) No. 8744/2008-ാം നമ്പർ പ്രകാരം കേസ് ഫയൽ ചെയ്യുകയും 26-7-2012-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരം റവന്യൂ റിക്കവറി നടപടികൾ റദ്ദ് ചെയ്യുകയും ചെയ്തു. അന്യാധീനപ്പെട്ട തുക ഈടാക്കുന്നതിന് മൂന്നാമതൊരു ഏജൻസി അന്വേഷണം നടത്തി തീരുമാനമെടുക്കണമെന്നും ഹൈക്കോടതി ഉത്തരവിട്ടിരിക്കുന്നു. അതിൻപ്രകാരം ടി അന്വേഷണത്തിന് മൂന്നാമതൊരു ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് കൊല്ലം എ.ഡി.സി.വഴി ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുള്ളതായും സെക്രട്ടറി അറിയിച്ചിരിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

2.6.4 തദ്ദേശസ്വയംഭരണ വകുപ്പ് (പി.എ.) പ്രിൻസിപ്പൽ സെക്രട്ടറിയുടെ നമ്പർ 36447/പി.എ 2/06/ത.സ്വ.ഭ.വ. നമ്പർ/5-12-2006-ലെ കത്ത് പ്രകാരം 33,000 രൂപ പലിശ സഹിതം കരാറുകാരനായ ശ്രീ. സാംകുട്ടിയിൽ നിന്നും ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ചെയ്തു. ഇതിനെതിരെ കരാറുകാരൻ ഫയൽ ചെയ്ത W. P. (C) No. 8744/08 കേസിന്റെ 26-7-2012-ലെ വിധിയിൽ ടിയാനെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കുവാനും എന്നാൽ നിയമാനുസരണം നഷ്ടമായ തുക ഈടാക്കുവാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുവാൻ ഈ വിധി തടസമാകില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ വിധിയുടെ അടിസ്ഥാനത്തിൽ പണം ഈടാക്കുവാൻ മൂന്നാമതൊരു ഏജൻസിയെ അന്വേഷണത്തിന് ചുമതലപ്പെടുത്തണമെന്ന് ബ്ലോക്ക് സെക്രട്ടറി 24-6-2013-ലെ ഇ/1283/07-ാം നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. തുടർ നടപടിയുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല.

**തുടർശിപാർശ**

**2.6.5 സമിതി ശിപാർശ പ്രകാരം ആർ. ആർ. നടപടി പൂർത്തീകരിച്ചിട്ടുണ്ടോ എന്നും, പൂർത്തീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്നും, സ്വീകരിച്ച നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും 15 ദിവസത്തിനകം അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 201

**ശിപാർശ**

2.7.1 കന്നുകാലി ഗർഭകാല സംരക്ഷണ പദ്ധതി പ്രകാരം അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുകയിൽനിന്ന് 28,205 രൂപ അധികമായി ചെലവ് ചെയ്തിട്ടുണ്ടെന്ന് ആലപ്പുഴ ലോക്കൽഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ അധികം ചെലവ് ചെയ്ത സബ്സിഡി തുകയായ 28,205 രൂപ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.7.2 അധികമായി ചെലവ് ചെയ്ത തുക 28,205 (ഇരുപത്തെണ്ണായിരത്തി ഇരുന്നൂറ്റി അഞ്ച് രൂപ മാത്രം) തിരികെ അടയ്ക്കണമെന്ന് കാണിച്ചുകൊണ്ട് 16-6-2006-ലും 9-8-2006-ലും പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് ടി പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ സീനിയർ വെറ്ററിനറി സർജൻ ഡോ. അജയ മാലിനിയ്ക്ക് ബി.പി.504/2006-ാം നമ്പരായി രജിസ്റ്റേർഡ് കത്ത് അയച്ചിരുന്നു. ആയതിന്റെ പകർപ്പ് മൃഗസംരക്ഷണ ഓഫീസർക്ക് നൽകുകയും ചെയ്തു. കൂടാതെ 28-9-2006-ൽ ചേർന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയിൽ ടിയാളെ വിളിച്ചുവരുത്തി നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിക്കണമെന്ന് കർശനമായി അറിയിക്കുകയും ചെയ്തു. എന്നാൽ ടിയാൾ തുക അടച്ചില്ല. 10 ദിവസത്തിനകം തുക അടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 28-1-2008-ൽ വീണ്ടും ഒരു രജിസ്റ്റേർഡ് കത്തു നൽകി. എന്നാൽ ഡോ. അജയ മാലിനി തുക അടച്ചില്ല. 6-4-2011-ൽ ടിയാൾ W. P. (C) 11215/2011 നമ്പരായി ഈ വിഷയത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെയും, സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെയും സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സും സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സർക്കാർ 24-9-2013-ന് സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ C. A. ഫയൽ ചെയ്തിട്ടുണ്ട്. അന്തിമ വിധി ആയിട്ടില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

2.7.3 അധികം അനുവദിച്ച സബ്സിഡി തുക തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് ലഭിച്ചതിനെ തുടർന്ന് ഡോ. അജയ മാലിനി ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ [W. P. (C) No. 11215/2011] ചെയ്തു. ഈ വിഷയത്തിൽ ബഹു. ഹൈക്കോടതി മുമ്പാകെ സത്യവാങ്മൂലവും സമർപ്പിച്ചിട്ടുണ്ട്. കേസ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേക്ക് 'ട്രാൻസ്ഫർ' (റ്റി. എ. നമ്പർ 5261/2012) ചെയ്തിട്ടുണ്ട്. നിലവിൽ വിഷയം ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്.

**തുടർ ശിപാർശ**

**2.7.4 പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിലെ പരാമർശവുമായി ബന്ധപ്പെട്ട് കോടതിയിൽ നിലവിലുള്ള കേസ്സിന്റെ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 212</u>

**ശിപാർശ**

2.8.1 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. പത്മരാജന്റെ ശിപാർശ അനുസരിച്ചാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മുൻകൂർ തുകകൾ നൽകിയിട്ടുള്ളതിനാൽ ശ്രീ. പത്മരാജൻ തന്നെയാണ് ഇതിലെ പ്രധാന കുറ്റക്കാരൻ എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ചെങ്ങന്നൂർ ബ്ലോക്ക് ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട 2,51,718 രൂപയുടെ നഷ്ടം അന്നത്തെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പത്മരാജനിൽ ചുമത്തുന്നതിനും തുക ഈടാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം തന്നെ പദ്ധതി ഏറ്റെടുത്ത് നടത്തിയ ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്ന് റവന്യൂ റിക്കവറി നടപടി വഴി തുക ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.8.2. ടി പ്രവൃത്തി ഒരു ഗുണഭോക്തൃ കമ്മിറ്റി പ്രവൃത്തിയായാണ് നടപ്പാക്കിയത്. ശ്രീമതി ശാന്തി അനിൽ, ഗായത്രി കൺസ്ട്രക്ഷൻസ്, ചെങ്ങന്നൂർ എന്ന വ്യക്തിയായിരുന്നു കൺവീനർ. പരാമർശ വിധേയനായ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഒ. പത്മരാജനെ ടിയാൾ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർച്ചാർജ്ജ് നടപടിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതായി സെക്രട്ടറി അറിയിക്കുന്നു. തുടർന്ന് നൽകിയ അധിക തുക തിരിച്ചടയ്ക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗുണഭോക്തൃ സമിതി കൺവീനർക്ക് നോട്ടീസ് നൽകിയിരുന്നുവെന്നും എന്നാൽ ടിയാൾ തനിക്ക് ഇനിയും 1,75,000 (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം മാത്രം) രൂപകൂടി പണിയിൽ നിന്നും ലഭിക്കുവാനുണ്ടെന്ന് കാട്ടി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്യുന്നു. ടി കേസ് ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണെന്നും സെക്രട്ടറി അറിയിച്ചു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.8.3 ഗുണഭോക്തൃ സമിതി കമ്മിറ്റിയാണ് പ്രവൃത്തി നടത്തിയത് എന്നതിന് ആവശ്യമായ തെളിവുകൾക്കായി കൺവീനറെ തെരഞ്ഞെടുത്ത വിധമോ, മിനിട്സോ

ഹാജരാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ബി. പത്മരാജനെ ടിയാൾ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ സർചാർജ്ജ് നടപടിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൺവീനർ ശ്രീമതി ശാന്തി അനിലിന് നൽകിയ തുക തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെട്ട് 7-10-2010-ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നൽകി. തുടർന്ന് ടിയാൾ കോടതിയിൽ നിന്ന് ആർ. ആർ. നടപടി സ്വീകരിക്കുന്നതാണെന്ന നോട്ടീസിനെതിരെയും ടിയാൾക്ക് 1,75,000 രൂപകൂടി ലഭിക്കേണ്ടതുണ്ടെന്ന് കാണിച്ചും കേസ് ഫയൽ ചെയ്തു. [W. P. (C) No. 35379/2010] ടി കേസിൽ ആർ.ആർ. നടപടികൾക്കെതിരെ 25-11-2010-ൽ സ്റ്റേ ഉത്തരവ് ഉണ്ട്. 10-6-2011-ൽ ബ്ലോക്ക് പഞ്ചായത്ത് ടി കേസ്സിന്മേൽ കൗണ്ടർ അഫിഡവിറ്റ് നൽകി. നിലവിൽ കേസ് കോടതിയുടെ പരിഗണനയിലാണ്.

**തുടർശിപാർശ**

**2.8.4 പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കേസ് തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കുക.**

<u>ഖണ്ഡിക നമ്പർ 270</u>

**ശിപാർശ**

2.9.1 കല്ലിൽ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടനിർമ്മാണ കമ്മിറ്റി കൺവീനർ ശ്രീ. പി. എൻ. കൃഷ്ണൻ നായർ മരിച്ചുപോയതിനാൽ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായ 1,47,000 രൂപ അനന്തരാവകാശികളിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുമെന്ന് മറുപടി നൽകിയിരിക്കുന്നതിൽ നിന്ന് തന്നെ ഓഡിറ്റ് നിഗമനം ശരിവച്ചിരിക്കുകയാണെന്ന് കാണാവുന്നതാണ്. എന്നാൽ ഗുണഭോക്തൃ സമിതി ഏറ്റെടുത്ത് നടത്തിയ പ്രവൃത്തിയെന്ന നിലയിൽ കുവപ്പടി ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം, കൺവീനർ മരിച്ചുപോയ സാഹചര്യത്തിൽ, ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രീ. എ. എ. ബാലൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (റിട്ടയേർഡ്), ശ്രീ. എം. എം. യാക്കോബ്, എക്സ്റ്റൻഷൻ ഓഫീസർ (ഐ.ആർ.ഡി.) ബ്ലോക്ക് പഞ്ചായത്ത് (സെക്രട്ടറി-ഇൻ-ചാർജ്ജ്), ശ്രീ. കെ. വി. തങ്കപ്പൻ, അസിസ്റ്റന്റ് എഞ്ചിനീയർ (റിട്ടയേർഡ്) എന്നിവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.9.2 ഈ പ്രവൃത്തിയുടെ കൺവീനർ മരിച്ച് പോയതിനാൽ ഉത്തരവാദികളായ നിർവ്വഹണ ഉദ്യോഗസ്ഥരായ ശ്രീ. എ. എ. ബാലൻ (സെക്രട്ടറി), എം. എം. യാക്കോബ്, എക്സ്റ്റൻഷൻ ഓഫീസർ (ഐ.ആർ.ഡി.), കെ. വി. തങ്കപ്പൻ (അസിസ്റ്റന്റ് എഞ്ചിനീയർ) എന്നിവർ റിട്ടയർ ചെയ്തിട്ടുള്ളതിനാൽ ജില്ലാ കളക്ടർ മുഖേന റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട തഹസീൽദാർമാർക്ക് നിർദ്ദേശം നൽകി ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

2.9.3 സമിതി നിർദ്ദേശ പ്രകാരം, ഓഡിറ്റ് കാലയളവിൽ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥരായ ശ്രീ. എ. എ. ബാലൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (റിട്ടയേർഡ്), ശ്രീ. എം. എം. യാക്കോബ്, എക്സ്റ്റൻഷൻ ഓഫീസർ (ഐ.ആർ.ഡി.) (റിട്ടയേർഡ്) ബി.ഡി.ഒ.-ഇൻ-ചാർജ്, ശ്രീ. കെ. വി. തങ്കപ്പൻ, അസിസ്റ്റന്റ് എഞ്ചിനീയർ (റിട്ടയേർഡ്) എന്നിവരിൽ നിന്ന് 49,000 രൂപ വീതം ഈടാക്കുവാനായി 4-10-2013-ൽ കുവപ്പടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബഹു. എറണാകുളം ജില്ലാ കളക്ടറോട് സി.908/13 നമ്പർ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. 21-12-2013-ൽ ഇതിന്മേൽ ബഹു. കളക്ടർ വിചാരണ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ 49,000 രൂപ വീതം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഒടുക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം 1968-ലെ കേരള റവന്യൂ റിക്കവറി ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്നതാണെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 13-3-2014-ൽ അറിയിച്ചു. കൂടാതെ ടി ഉദ്യോഗസ്ഥരിൽ നിന്ന് റവന്യൂ റിക്കവറി നടപടി വഴി തുക ഈടാക്കുന്നതിന് ബന്ധപ്പെട്ട തഹസീൽദാർമാർക്കും ഉത്തരവ് നൽകിയിരുന്നു. തുടർന്ന് ശ്രീ. എ. എ. ബാലൻ, ഡബ്ല്യു. പി. (സി)26991/2014 നമ്പർ ആയി 13-10-2014-ൽ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു.

മറ്റ് ഉദ്യോഗസ്ഥർക്കെതിരെ (ശ്രീ. എം. എം. യാക്കോബ്, ശ്രീ. കെ. വി. തങ്കപ്പൻ എന്നിവർ) 19-1-2015-ൽ ബ്ലോക്ക് പഞ്ചായത്ത് വീണ്ടും റവന്യൂ റിക്കവറി നടപടികൾ നടത്തുന്നതിനായി ഓൺലൈനായി ബഹു. ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. തുക നാളിതുവരെ അടച്ചിട്ടില്ല.

**തുടർശിപാർശ**

2.9.4 **കോടതി നടപടിയനുസരിച്ച് ശ്രീ. എ. എ. ബാലന്റെ കേസ് തീർപ്പാക്കാനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനും ശ്രീ. എം. എം. യാക്കോബ്, ശ്രീ. കെ. വി. തങ്കപ്പൻ എന്നിവരിൽ നിന്നും തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 276</u>

**ശിപാർശ**

2.10.1 കുവപ്പടി ബ്ലോക്ക് പഞ്ചായത്തിലെ ഇരിങ്ങോൾ-ഇരവിച്ചിറ കമ്മ്യൂണിറ്റി സെന്റർ നിർമ്മാണത്തിന് അഡ്വാൻസായി നൽകിയ 50,000 രൂപ നോട്ടപ്പിശകുമൂലം ബ്ലോക്ക് പഞ്ചായത്തിന് നഷ്ടപ്പെടാൻ ഇടയായതിനുത്തരവാദിയായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (റിട്ടയേർഡ്) ശ്രീ എ. എ. ബാലൻ, ശ്രീ. കെ. വി. തങ്കപ്പൻ, അസിസ്റ്റന്റ് എഞ്ചിനീയർ (റിട്ടയേർഡ്) എന്നിവരിൽ നിന്നും പലിശ സഹിതം ഈടാക്കുന്നതിന് ഗ്രാമവികസന കമ്മീഷണർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.10.2. ഉത്തരവാദികളായ മുൻ സെക്രട്ടറി ശ്രീ. കെ. വി. തങ്കപ്പൻ, മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. എ. എ. ബാലൻ എന്നിവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലാ കളക്ടറുടെ റവന്യൂ റിക്കവറി നടപടിക്രമം സംബന്ധിച്ച ഉത്തരവ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഇതിനെതിരെ ശ്രീ. കെ. വി. തങ്കപ്പൻ, ശ്രീ. എ. എ. ബാലൻ എന്നിവർ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത കേസുകളുടെ അന്തിമ വിധി ന്യായം പുറപ്പെടുവിച്ചിട്ടില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.10.3 ഫയൽ പരിശോധിച്ചതിൽ ശ്രീ. കെ. വി. തങ്കപ്പൻ W. P. (C) No. 32745/2015 നമ്പരായും ശ്രീ. എ. എ. ബാലൻ W. P. (C) 30775/2015 നമ്പരായും കേസുകൾ ഫയൽ ചെയ്തിട്ടുള്ളതായി കണ്ടു. W. P. (C) No. 32745/2015 നമ്പർ കേസ്സിൽ 28-10-2015-ൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ പകർപ്പ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. എന്നാൽ W. P. (C) 30775/2015 നമ്പർ കേസ്സിൽ സ്റ്റേ ഉത്തരവ് നിലവിലുള്ളതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. W. P. (C) 30775/2015 നമ്പർ കേസിൽ ബ്ലോക്ക് പഞ്ചായത്തിനുവേണ്ടി ബഹു. ഹൈക്കോടതിയിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസ്സിൽ സ്റ്റേ ഉത്തരവ് നിലവിലുണ്ടെങ്കിൽ ആയത് ഹാജരാക്കണമെന്നാവശ്യപ്പെട്ട് പ്രാദേശിക പരിശോധനാവേളയിൽ ഓഡിറ്റ് എൻക്വയറിയും (നമ്പർ 10 തീയതി 20-2-2017) കത്തും [കെ.എസ്.എ.ഇ.കെ.എം. (പി.ജി.) 2071/16 തീയതി 7-4-2017] നൽകിയെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

**തുടർശിപാർശ**

**2.10.4 ബഹു. കോടതി മുമ്പാകെയുള്ള കേസുകളുടെ അന്തിമ വിധിയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

അദ്ധ്യായം III

## സർക്കാരിന്റെ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

ഖണ്ഡിക നമ്പർ 8

**ശിപാർശ**

3.1.1. വാഴക്കന്ന് വിതരണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിന് 2,37,644 രൂപയുടെ നഷ്ടമുണ്ടാക്കിയതിനുള്ള ഉത്തരവാദിത്വം തെരഞ്ഞെടുക്കപ്പെട്ട

ബ്ലോക്ക് പഞ്ചായത്ത് സമിതിയംഗങ്ങൾക്കും കഴക്കൂട്ടം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി കെ. ഉമാദേവിയും (ഇപ്പോൾ വെള്ളായണി കാർഷിക കോളേജിലെ ബയോഗ്യാസ് ഡിപ്പാർട്ട്മെന്റ് ആർ.റ്റി.റ്റി. സെന്റർ ഡെപ്യൂട്ടി ഡയറക്ടർ ആന്റ് റിസർച്ച് അസിസ്റ്റന്റ്) ആണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്ത് സമിതിയംഗങ്ങളിൽ നിന്നും കൃഷി അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീമതി ഉമാദേവിയിൽ നിന്നുമായി തിരികെ പിടിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>9-2-2010-ലെ യോഗം</u>

3.1.2. ശ്രീ. കെ. വിശ്വനാഥൻ നായർ, ശ്രീ. ജി. രാമചന്ദ്രൻ നായർ, ശ്രീ. എം. സുദർശനൻ എന്നിവർ ടി ശിപാർശയുമായി ബന്ധപ്പെട്ട് നൽകിയ ഹർജി പരിഗണിച്ചു.

<u>സമിതി ആരാഞ്ഞ അധിക വിവരം</u>

3.1.3. പ്രസ്തുത പരാതിയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കിയതിനുശേഷം ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരേയും പഞ്ചായത്ത് അധികൃതരേയും സമിതി മുൻപാകെ വിളിച്ച് തെളിവെടുപ്പ് നടത്തുവാൻ തീരുമാനിച്ചു.

<u>11-2-2015-ലെ യോഗം</u>

3.1.4. ഖണ്ഡിക 8-ലെ ശിപാർശയിന്മേൽ പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന കഴക്കൂട്ടം ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ഉമാദേവി സമർപ്പിച്ച പരാതിയിന്മേൽ സർക്കാർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാനും അക്കാര്യം വകുപ്പിനെ അറിയിക്കാനും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>ഖണ്ഡിക നമ്പർ 13</u>

**ശിപാർശ**

3.2.1. ആഡിറ്റ് സമയത്ത് ക്യാഷ് ബുക്കിൽ എൻട്രി ഇല്ലാത്തതുകൊണ്ടും വൗച്ചറുകൾ ആഡിറ്റിന് നൽകാതിരുന്നതുകൊണ്ടുമാണ് ഇങ്ങനെ ഒരു ആഡിറ്റ് പരാമർശം വന്നത്. ക്യാഷ് ബുക്കും മറ്റ് രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കാതിരുന്നതും വൗച്ചറുകൾ ശരിയായ രീതിയിൽ സൂക്ഷിക്കാതിരിക്കുകയും അവ യഥാസമയം ആഡിറ്റിന് ഹാജരാക്കാതിരിക്കുകയും ചെയ്യുന്നതുമൂലമാണ് ഇങ്ങനെയുള്ള ആഡിറ്റ് പരാമർശങ്ങൾ ഉണ്ടാകുന്നത്. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ ഓഡിറ്റ് റിപ്പോർട്ടിൽ വന്ന ഓഡിറ്റ് പരാമർശത്തിന് ഓഡിറ്റ് വേളയിലോ അല്ലെങ്കിൽ ആഡിറ്റ് കഴിഞ്ഞ് 5 വർഷത്തിനുള്ളിലോ മറുപടി നൽകിയിരുന്നുവെങ്കിൽ ഈ ആഡിറ്റ് പരാമർശം നിയമസഭാ സമിതിയുടെ പരിശോധനയ്ക്ക് വരേണ്ട സാഹചര്യം ഒഴിവാക്കാമായിരുന്നു. ആഡിറ്റ് പരാമർശത്തിന്

മറുപടി നൽകാൻ ഇത്രയധികം കാലതാമസമുണ്ടായതിൽ സമിതി കടുത്ത അസംതൃപ്തി രേഖപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള കാലതാമസമുണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.2.2 ടി പരാമർശവും സമിതിയുടെ നിർദ്ദേശവും ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി ഗൗരവമായി കണക്കിലെടുക്കുകയും നിലവിൽ ക്യാഷ് ബുക്കുകളും മറ്റു രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട് എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു. തുടർന്നുള്ള കാലഘട്ടങ്ങളിലും ഈ രീതി തുടരുമെന്നും ഓഡിറ്റ് സമയത്ത് ആവശ്യപ്പെടുന്ന രേഖകൾ കൃത്യമായി സമർപ്പിക്കുമെന്നും ഓഡിറ്റ് പരാമർശങ്ങൾക്ക് സമയബന്ധിതമായി മറുപടി നൽകുമെന്നും ഓഡിറ്റ് പരാമർശത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും സെക്രട്ടറി ഉറപ്പ് നൽകിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.2.3 ക്യാഷ് ബുക്ക്, രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നതാണ്.

<u>11-2-2015-ലെ സമിതി യോഗം</u>

3.2.4 സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>ഖണ്ഡിക നമ്പർ 20</u>

**ശിപാർശ**

3.3.1 മഴക്കുഴി നിർമ്മാണവുമായി ബന്ധപ്പെട്ട കൈപ്പറ്റ് രസീതുകളും ധനസഹായം ലഭിച്ച 50 ഗുണഭോക്താക്കളുടെയും അവകാശ സർട്ടിഫിക്കറ്റുകളും ശേഖരിച്ച് 15 ദിവസത്തിനകം സമിതിയുടെ പരിശോധനയ്ക്കായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത നിർദ്ദേശം അവഗണിച്ച അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. ഭുവനേന്ദ്രനെതിരെ സർക്കാർ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.3.2 മഴക്കുഴി നിർമ്മാണവുമായി ബന്ധപ്പെട്ട പ്രോജക്ട് നിർവ്വഹണം നടത്തിയ അന്നത്തെ കൃഷി അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. കെ. ജമീലയെ ടി ഓഡിറ്റ് പരാമർശ പ്രകാരമുള്ള ബാദ്ധ്യതയിൽ നിന്നും 6-7-2009-ലെ നിയമസഭാ സെക്രട്ടേറിയറ്റിന്റെ

801/എൽ.എഫ്.എ.സി.ബി1/2006/ലെജി. നമ്പർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 14-7-2009-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്.7899/പി.റ്റി.1/2009 കത്ത് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി യായിരുന്ന ശ്രീ. വി. ഭുവനേന്ദ്രൻ സർവ്വീസിൽ നിന്ന് വിരമിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.3.3 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കണമെന്നുള്ള നിർദ്ദേശം അവഗണിച്ചതിന്റെ പേരിൽ വകുപ്പുതല നടപടികൾക്ക് ശിപാർശ ചെയ്യപ്പെട്ടിരുന്ന ശ്രീ. ഭുവനേന്ദ്രനെതിരെ സർക്കാർ സ്വീകരിച്ച വകുപ്പുതല നടപടികളുടെ വിവരം ലഭ്യമല്ലായെന്നുള്ള വിവരമാണ് വർക്കല ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചത്.

<u>ഖണ്ഡിക നമ്പർ 58</u>

**ശിപാർശ**

3.4.1 വ്യവസായ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്യേണ്ട വെള്ളമണ്ണടി പട്ടിക ജാതി വനിതാ സഹകരണ സംഘത്തിന് സഹകരണ വകുപ്പിന് കീഴിൽ രജിസ്ട്രേഷൻ നൽകിയ നെടുമങ്ങാട് സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അധികാര ദുർവിനിയോഗം നടത്തിയെന്നാണ് സമിതി വിലയിരുത്തുന്നത്. ആയതിനാൽ നെടുമങ്ങാട് സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ക്കെതിരെ സഹകരണ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.4.2 തിരുവനന്തപുരം ജനറൽ ജോയിന്റ് രജിസ്ട്രാർ 19-3-1982-ലാണ് നെടുമങ്ങാട് താലൂക്കിൽ ഉൾപ്പെടുത്തി, വെള്ളമണ്ണടി ഹരിജൻ സർവ്വീസ് സഹകരണ സംഘം രജിസ്റ്റർ ചെയ്തു നൽകിയത്. സംഘം ഇപ്പോൾ പ്രവർത്തന രഹിതമാണ്. സംഘത്തിന്റെ ബൈലാ പകർപ്പ് ലഭ്യമല്ലാത്തതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ ക്രമപ്രകാരമായിരുന്നോ എന്ന് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിൽ ഉള്ളതെന്നും കൂടാതെ തിരുവനന്തപുരം ജില്ലയിൽ വാമനപുരം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തന പ്രദേശം പ്രവർത്തന പരിധിയാക്കി വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വനിതാ സഹകരണ സംഘം വെള്ളമണ്ണടി പി.ഒ. എന്ന ഒരു സംഘം രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ടെന്നും ടി സംഘം എസ്.സി./എസ്.റ്റി. സംഘമായിട്ടാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പരിശോധിച്ചതിൽ സഹകരണ വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്തതിൽ അപാകതയില്ലെന്നും സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.4.3 1. നെടുമങ്ങാട് സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)നെതിരെ നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല.

2. പട്ടികജാതി വനിതാ സഹകരണ സംഘം, വെള്ളുമണ്ണടി എന്ന സംഘത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല 27-2-2015-ന് നടത്തിയ പ്രാദേശിക പരിശോധനയിലും ഇത് സംബന്ധിച്ച രേഖകൾ ലഭിച്ചിട്ടില്ല. ടി രേഖകൾ നെടുമങ്ങാട് സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർക്ക് (ജനറൽ) കൈമാറി എന്ന് സംഘം സെക്രട്ടറി ശ്രീ. ഓമനദാസ് അറിയിച്ചു ടി രേഖകൾ ലഭ്യമാക്കുന്നതിന് വാമനപുരം ബ്ലോക്ക് പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 67</u>

**ശിപാർശ**

3.5.1 ആഡിറ്റ് പരാമർശത്തിൽ പറയുന്ന തുകയേക്കാൾ കുറഞ്ഞ നിരക്കിലുള്ള തുകയ്ക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് മറുപടി നൽകിയ സാഹചര്യത്തിൽ ഇത് സംബന്ധമായ ഫയലും മറ്റ് ബന്ധപ്പെട്ട രേഖകളും ആഡിറ്റിന് ഹാജരാക്കുന്നതിൽ കാലതാമസം വരുത്തേണ്ടതില്ല. അവ ആഡിറ്റിന് ഹാജരാക്കാൻ നിർദ്ദേശിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ഹാജരാക്കാത്തതിന്റെ കാരണം സമിതിയെ അറിയിക്കണമെന്നും രേഖകൾ ആഡിറ്റിന് ഹാജരാക്കാതെ നിരുത്തരവാദപരമായ രീതിയിൽ പെരുമാറിയ അന്നത്തെ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. ബി. പ്രേമാനന്ദ് (ഇപ്പോൾ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, പെർഫോമൻസ് ആഡിറ്റ്, കണ്ണൂർ) ഇപ്പോഴത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. ജി. ബാബുകുമാർ എന്നിവർക്കെതിരെ വകുപ്പുതലത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.5.2 31-5-2004-ലെ സമിതി യോഗത്തിലെ നിർദ്ദേശാനുസരണം 4-6-2004-ന് ടി വിഷയവുമായി ബന്ധപ്പെട്ട 5 ഫയലുകളും അനുബന്ധ രേഖകളും കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഫയലുകൾ പരിശോധിച്ച് ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലെന്നും കൂടാതെ ഓഡിറ്റിൽ പരാമർശിച്ച 59,544 രൂപയുടെ ചെലവ് അംഗീകരിക്കാവുന്നതാണെന്ന് 5-7-2006-ലെ തിരുവനന്തപുരം ലോക്കൽ ഫണ്ട് ഓഡിറ്റ്

ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.ഇ.ഡി. എഫ്2./1092/2006 നമ്പർ കത്ത് പ്രകാരം അറിയിക്കുകയും ടി. വിവരങ്ങൾ ഗ്രാമവികസന കമ്മീഷണറുടെ 17-8-2007-ലെ 5373/ഐ.&ഡി4/06/സി.ആർ.ഡി. നമ്പർ കത്ത് പ്രകാരം ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. ബി. പ്രേമാനന്ദിന്റെ വിശദീകരണം സഹിതം സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ് എന്ന വിവരം അറിയിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.5.3 പരാമർശ വിഷയവുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധരേഖകളും ലോക്കൽ ഫണ്ട് വിഭാഗം പരിശോധിക്കുകയും 5-7-2006-ലെ എൽ.എഫ്.റ്റി.ഡി.എഫ്.2/ 1092/06 കത്ത് പ്രകാരം പ്രസ്തുത ചെലവ് അംഗീകരിക്കാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ബഹു. സമിതിയെ അറിയിക്കുന്നു.

<u>ഖണ്ഡിക നമ്പർ 76</u>

**ശിപാർശ**

3.6.1 പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട വൗച്ചറുകളുടെയും മറ്റും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പരിശോധിച്ചതിൽ പ്രകടമായ ക്രമക്കേടുകൾ കാണാൻ കഴിയുന്നില്ലെങ്കിലും തമിഴ്നാട്ടിൽ നിന്ന് തന്നെ പശുക്കളെ വാങ്ങുന്നതിന് കൈക്കൊണ്ട തീരുമാനം ദുരൂഹമാണ്. തമിഴ്നാട്ടിൽ നിന്ന് പശുക്കളെ വാങ്ങാൻ തീരുമാനിച്ചുവെന്ന് മറുപടി നൽകിയിരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത്, സംസ്ഥാനത്ത് തന്നെ ആവശ്യമായ പശുക്കൾ ലഭ്യമായിരുന്നോ ഇല്ലയോ എന്ന കാര്യത്തിൽ മൗനം പാലിക്കുകയാണ്. സംസ്ഥാനത്ത് നിന്ന് തന്നെ പശുക്കളെ വാങ്ങാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കേണ്ടതായിരുന്നു. പശുക്കളെ സംസ്ഥാനത്തിനകത്ത് നിന്നു തന്നെ വാങ്ങാൻ കഴിയാതെ വന്നെങ്കിൽ അക്കാര്യം മറുപടിയിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്ത് കുറച്ചുകൂടി പ്രായോഗിക സമീപനം സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.6.2 15-6-2013-ൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ടി വിഷയത്തിൽ നൽകിയ വിശദീകരണ പ്രകാരം കേരള സംസ്ഥാനത്ത് സർക്കാർ പദ്ധതികളുടെ ഭാഗമായും പ്രാദേശിക സർക്കാരുകളുടെ ഭാഗമായും വാങ്ങുന്ന കറവ മാടുകളെ സംസ്ഥാനത്തിന് പുറത്തുനിന്നും മാത്രമേ വാങ്ങാവൂ എന്ന വ്യവസ്ഥ നിലവിലുണ്ടായിരുന്നു എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. കേരള സംസ്ഥാനത്തെ കാലി സമ്പത്ത് വർദ്ധിപ്പിക്കുക, ക്ഷീരോല്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് ഈ തീരുമാനത്തിന് പിന്നിലെന്ന്

സെക്രട്ടറി വിശദീകരിച്ചു. 11-ാം പഞ്ചവത്സര പദ്ധതി വരെ പ്രാദേശിക സർക്കാർ പദ്ധതികൾക്ക് സംസ്ഥാനത്തിന് പുറത്ത് നിന്ന് പശുക്കളെ വാങ്ങണമെന്ന നിബന്ധന നിർബന്ധമായിരുന്നു എന്നും 12-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ ജി.ഒ. (എംഎസ്.) നമ്പർ 245/2012 തീയതി 29-2-2012 പ്രകാരമാണ് ഈ വ്യവസ്ഥകളിൽ ഇളവ് അനുവദിക്കപ്പെട്ടത് എന്നും സെക്രട്ടറി അറിയിക്കുന്നു. അയൽ സംസ്ഥാനമായതുകൊണ്ടാണ് സ്വാഭാവികമായും തമിഴ്നാട്ടിൽ നിന്ന് മാട്ടുകളെ വാങ്ങിയതെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.6.3 പതിനൊന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ജി. ഒ. (എംഎസ്.) 199/08/ത.സ്വ.ഭ.വ. തീയതി 11-7-2008 ഖണ്ഡിക (2)-ൽ മാട്ടുകളെ സംസ്ഥാനത്തിന് പുറത്ത് നിന്നും വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 82</u>

**ശിപാർശ**

3.7.1 ലേബർ കോൺട്രാക്ട് സൊസൈറ്റി അടച്ചുപൂട്ടലിന്റെ വക്കിലായതിനാലും ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്ന് നൽകിയ 10,44,384 രൂപ 4 വർഷത്തിലധികമായി സൊസൈറ്റി അക്കൗണ്ടിൽ മരവിപ്പിച്ചിരിക്കുന്ന സാഹചര്യത്തിലും പ്രസ്തുത തുക പലിശ സഹിതം ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. സൊസൈറ്റിയുടെ അക്കൗണ്ടിൽ മലയിൻകീഴ് സർവ്വീസ് സഹകരണ ബാങ്കിലുള്ള മരവിപ്പിച്ച തുക അടിയന്തരമായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറി കിട്ടുന്നതിന് തിരുവനന്തപുരം സഹകരണ ജോയിന്റ് രജിസ്ട്രാറുടെ സഹായം തേടണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.7.2 ടി നിർദ്ദേശ പ്രകാരം നടപടികൾ എടുത്തതിനെ തുടർന്ന് നേമം ബ്ലോക്ക് പഞ്ചായത്തിലെ 1998-99 വർഷത്തിലെ ജനകീയാസൂത്രണ പദ്ധതി പ്രകാരം ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ അക്കൗണ്ടിൽ ജില്ലാ സഹകരണ ബാങ്ക് മലയിൻകീഴ് ശാഖയിൽ നിക്ഷേപിച്ചിരിക്കുന്ന 10,44,384 രൂപ (പത്ത് ലക്ഷത്തി നാല്പത്തിനാലായിരത്തി മുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം) പലിശ ഉൾപ്പെടെ 13,41,665 രൂപയായി (പതിമൂന്ന് ലക്ഷത്തി നാൽപ്പത്തോരായിരത്തി അറുന്നൂറ്റി അറുപത്തഞ്ച് രൂപ മാത്രം) തിരികെ ലഭിക്കുകയും ഈ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കുന്ന 8448-00-109-95-02 BPFAI അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ഈ തുക

ഉപയോഗിച്ച് ജനകീയാസൂത്രണം 2007-08 വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം ലഭിച്ച എങ്കിലും ട്രഷറിയിൽ നിന്ന് തുക പിൻവലിക്കാൻ സാധിക്കാതിരുന്നതിനാൽ 25-7-2008 തീയതിയിലെ 24988/എഫ്.എം.1/08/ത.സ്വ.ഭ.വ. നമ്പർ സർക്കാർ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ 2008-09 വർഷ പദ്ധതിയിന ത്തിൽ തുക വിനിയോഗം നടത്തുകയും ചെയ്തിട്ടുണ്ട് എന്ന് ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.7.3 മറുപടിയിൽ പരാമർശിച്ചിട്ടുള്ള തുക 20-11-2007-ൽ ബ്ലോക്ക് പഞ്ചായത്തിന്റെ ബി.പി.എഫ്.ഐ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 83</u>

**ശിപാർശ**

3.8.1 പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും സർക്കാർ ഉത്തരവുകളും ലംഘിക്കുകയും അധികാര ദുർവ്വിനിയോഗം നടത്തുകയും ചെയ്യുന്ന പഞ്ചായത്ത് സമിതി അദ്ധ്യക്ഷന്മാർക്കും സമിതിയംഗങ്ങൾക്കുമെതിരെ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ ഫലപ്രദമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട സമിതി അദ്ധ്യക്ഷന്മാർക്കും സമിതിയംഗങ്ങൾക്കും ഇക്കാര്യത്തിൽ ഒരു പെരുമാറ്റച്ചട്ടമുണ്ടാക്കുന്നതിനും ആയത് ഒരു സാഹചര്യത്തിലും ലംഘിക്കുന്നില്ലെന്നുറപ്പ് വരുത്തുന്നതിനും ലംഘിക്കപ്പെടുന്നവർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.8.2 തദ്ദേശ സ്വയംഭരണ ജനപ്രതിനിധികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള പ്രത്യേകമായ വകുപ്പ് കേരളാ പഞ്ചായത്ത്/നഗരപാലിക നിയമങ്ങളിൽ നിലവിലില്ല. പ്രസ്തുത വിഷയത്തിന്മേൽ നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ പഞ്ചായത്ത്/മുനിസിപ്പൽ നിയമങ്ങളിൽ നിന്നും ഒഴിവാക്കപ്പെട്ടു. എന്നാൽ ഓരോ വിഷയങ്ങളിന്മേലും നിലവിൽ അഴിമതിയോ/മറ്റ് അധികാര ദുർവ്വിനിയോഗമോ സംഭവിക്കുന്നപക്ഷം അതത് വകുപ്പുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ ഓംബുഡ്സ്മാൻ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.8.3 പ്രത്യേക അഭിപ്രായമില്ല.

ഖണ്ഡിക നമ്പർ 89

**ശിപാർശ**

3.9.1 ഷെഡ്ഡ് വിപുലീകരണത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചുവെങ്കിലും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിക്ക് റാറ്റിഫൈ ചെയ്യാവുന്ന അധിക ചെലവായ അഞ്ച് ശതമാനത്തേക്കാൾ കൂടുതലായ 14,000 രൂപയ്ക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ അനുമതി വാങ്ങേണ്ടതായിരുന്നു. അത് ചെയ്തിട്ടില്ലെന്നുള്ളത് ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ആയതിനാൽ ഷെഡ്ഡ് വിപുലീകരണ പ്രോജക്ട് വീണ്ടും മെഷർമെന്റ് എടുത്ത് ടെക്നിക്കൽ കമ്മിറ്റിയുടെ അനുമതി വാങ്ങി സർക്കാരിലേക്ക് അയച്ച് സർക്കാരിൽ നിന്നുള്ള റാറ്റിഫിക്കേഷൻ വാങ്ങേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.9.2 തദ്ദേശ സ്വയംഭരണ (പി.എ.) വകുപ്പിന്റെ 2-12-2004-ലെ 50678/പി.എ 4/04/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം അധികമായി നൽകിയ 21,394 രൂപ പ്രസിഡന്റ്, സെക്രട്ടറി എന്നിവരിൽനിന്നും റവന്യൂ റിക്കവറി പ്രകാരം ഈടാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം 10,699 രൂപ വീതം പ്രസിഡന്റ്, സെക്രട്ടറി എന്നിവരിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിനായി 29-1-2005-ന് കൊല്ലം ജില്ലാ കളക്ടർക്ക് നോട്ടീസ് കൈമാറിയിരുന്നു. അതിൻപ്രകാരം ടി കാലഘട്ടത്തിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പക്കൽ നിന്നും 9,993 രൂപ ഈടാക്കിയിട്ടുണ്ട്. പ്രസിഡന്റിൽ നിന്നും ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.9.3 സെക്രട്ടറിയിൽ നിന്നും 9,993 രൂപ ഈടാക്കിയെങ്കിലും പ്രസിഡന്റിൽ നിന്നും തുകയൊന്നും ഈടാക്കിയിട്ടില്ല.

ഖണ്ഡിക നമ്പർ 111

**ശിപാർശ**

3.10.1 ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ കറിപ്പൊടി നിർമ്മാണ പ്രോജക്ടിന്റെ നടത്തിപ്പിൽ ഗുരുതരമായ ക്രമക്കേടുകളും ചട്ടങ്ങളുടെ ലംഘനവും നടന്നിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു. അഞ്ചാലുംമൂട് ധാന്യപ്പൊടി, കറിപ്പൊടി സംസ്കരണ-വിപണന സ്വയം തൊഴിൽ സംഘത്തിന്റെ അക്കൗണ്ടിലുള്ള നീക്കിയിരുപ്പ് തുക തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് അന്നത്തെ സൊസൈറ്റി സെക്രട്ടറിയ്ക്ക് നോട്ടീസ് അയച്ചെങ്കിലും കൈപ്പറ്റാതെ തിരിച്ചയച്ച സാഹചര്യത്തിൽ പ്രസ്തുത സെക്രട്ടറിക്കെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 12-11-2008-ലെ യോഗം

3.10.2 ശ്രീ. എം. എ. സഫറുള്ളഖാൻ സമർപ്പിച്ച ഹർജി സംബന്ധിച്ച വിഷയത്തിൽ ഹർജി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അയച്ചുകൊടുത്ത് റിപ്പോർട്ട് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

## 12-11-2008-ലെ സമിതി യോഗ തീരുമാനപ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്

3.10.3 ധാന്യ-കറിപ്പൊടി നിർമ്മാണ പ്രോജക്ടുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ ബാക്കി നിൽക്കുന്ന 56,182 രൂപയും 12% പലിശയും ചേർത്ത് 81,247 രൂപ ചെലാൻ നമ്പർ 445/9-6-2004 പ്രകാരം ടി.പി.എ. 3470-ാം നമ്പർ അക്കൗണ്ടിൽ തിരിച്ചടച്ചിട്ടുള്ളത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

## സർക്കാർ സ്വീകരിച്ച നടപടി

3.10.4 ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി നിയോഗിച്ച സമിതി, സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കണ്ട്, സാധന സാമഗ്രികൾ ബ്ലോക്കിന്റെ തന്നെ നിയന്ത്രണത്തിലുള്ള വൃദ്ധ സദനത്തിലേയ്ക്ക് 23-5-2007-ൽ മാറ്റണമെന്നാവശ്യപ്പെട്ടതിൻ പ്രകാരം പ്രധാനപ്പെട്ട കുറേ മെഷീനുകൾ വൃദ്ധ സദനത്തിലേയ്ക്ക് മാറ്റി സൂക്ഷിച്ചു. 1997-98-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശത്തെ തുടർന്ന് സംഘത്തിന്റെ നീക്കിയിരിപ്പ് തുക 56,182 രൂപയും പലിശയും ചേർത്ത് 81,247 രൂപ ബ്ലോക്കിലേയ്ക്ക് അടച്ചിട്ടുണ്ട്. നിലവിൽ സംഘത്തിന്റെ പ്രവർത്തനത്തിന് വാങ്ങിയ ഓഫീസ് ഉപകരണങ്ങളും, യന്ത്രങ്ങളും ബ്ലോക്ക് ഓഫീസിലും, വൃദ്ധ സദനത്തിലും, സംഘം സെക്രട്ടറിയുടെ പക്കലുമായി മൂന്നായി സൂക്ഷിച്ചിട്ടുള്ളത് ഗ്രാമവികസന കമ്മീഷണറേറ്റിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗം നേരിട്ട് സന്ദർശിച്ച് ഉറപ്പ് വരുത്തി. ആയതിനാൽ, സർക്കാരിന് ഇക്കാര്യത്തിൽ സാമ്പത്തിക ബാധ്യതകൾ ഒന്നും ഉണ്ടായിട്ടില്ലെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ടുചെയ്യുന്നു. അന്നത്തെ സംഘം സെക്രട്ടറിയും ബ്ലോക്ക് പഞ്ചായത്ത് മെമ്പറുമായിരുന്ന ശ്രീമതി ലീന ഇന്ന് വിധവയാണെന്നും മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ നിരാലംബയും വിധവയുമായ തന്നെ മറ്റ് ബാധ്യതകളിൽ നിന്നും ഒഴിവാക്കിത്തരണമെന്നും ഓഡിറ്റ് ഇൻസ്പെക്ഷൻ ടീമിനോട് ടിയാൾ അഭ്യർത്ഥിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഈ വിഷയത്തിൽ മറ്റ് നടപടികൾ സ്വീകരിക്കുകയുണ്ടായില്ല.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.10.5 കറിപ്പൊടി നിർമ്മാണ പ്രോജക്ടിന്റെ നടത്തിപ്പിൽ ഗുരുതരമായ ക്രമക്കേടുകളും ചട്ടങ്ങളുടെ ലംഘനവും നടന്നിട്ടുണ്ടെന്നും പ്രസ്തുത സൊസൈറ്റി സെക്രട്ടറിയ്ക്ക്

എതിരെ നിയമ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്തെങ്കിലും സമിതിയുടെ ശിപാർശ പരിഗണിച്ചിട്ടില്ലെന്ന് കാണുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഓഫീസ് ഉപകരണങ്ങളും, യന്ത്രങ്ങളും ബ്ലോക്ക് ഓഫീസിലും, വൃദ്ധസദനത്തിലും, സംഘം സെക്രട്ടറിയുടെ പക്കലുമായി സൂക്ഷിച്ചിട്ടുള്ളത് ഗ്രാമവികസന കമ്മീഷണറേറ്റിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗം നേരിട്ട് സന്ദർശിച്ച് ഉറപ്പുവരുത്തി എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സമിതി ശിപാർശ ഉണ്ടായിരിക്കെ യന്ത്രോപകരണങ്ങൾ സംഘം സെക്രട്ടറിയുടെ കൈവശം സൂക്ഷിച്ചിരിക്കുന്നുവെന്നത് സമിതി ശിപാർശയ്ക്ക് വിരുദ്ധവും ഗുരുതരമായ കൃത്യവിലോപവുമാണ്. പ്രസ്തുത ഖണ്ഡികയിന്മേൽ മറ്റ് നടപടികൾ സ്വീകരിക്കുകയുണ്ടായില്ല എന്നത് അംഗീകരിക്കാവുന്നതല്ല.

1998-ൽ രജിസ്റ്റർ ചെയ്ത സംഘത്തിന് അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് 11-6-1998-ൽ 1,25,000 രൂപ നൽകി. പ്രസ്തുത സംഘത്തിന്റെ ബൈലാ, അംഗങ്ങളുടെ പേര്, വിലാസം എന്നിവ പരിശോധിച്ചിട്ടില്ല. സംഘത്തിന് ലഭിച്ച തുകയിൽ 80,813 രൂപ 12-1-2000 മുതൽ 21-9-2000 വരെയുള്ള കാലയളവിലാണ് ചെലവഴിച്ചിട്ടുള്ളത്. ടി സംഘം ധാന്യങ്ങൾ വാങ്ങുന്നതിന് 1,20,000 രൂപ അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് ജനറൽ മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയെങ്കിലും കമ്മീഷനടക്കം 74,812 രൂപയുടെ സാധനങ്ങൾ മാത്രമാണ് അവിടെ നിന്നും ലഭിച്ചത്. പ്രസ്തുത വിഷയം സംബന്ധിച്ചും വിജിലൻസ് റിപ്പോർട്ട് നിശബ്ദമാണ്.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

3.10.6 ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുക.

<u>സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം</u>

3.10.7 സൊസൈറ്റി സെക്രട്ടറി ബ്ലോക്ക് ഓഫീസിൽ നേരിട്ട് ഹാജരായി ഓഡിറ്റ് പരാമർശത്തിൽ നിർദ്ദേശിച്ചതനുസരിച്ച് 56,182 രൂപയും 12% പലിശയും ചേർത്ത് 81,247 രൂപ 8-6-2004-ന് ബ്ലോക്ക് ഓഫീസിൽ അടയ്ക്കുകയും ടി തുക ബ്ലോക്ക് പഞ്ചായത്തിന്റെ ടി.പി.എ. 3470-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതാണ്.

<u>അധികവിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.10.8 സൊസൈറ്റിയുടെ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക 56,182 രൂപയും 21-9-2000 മുതൽ 8-6-2004 വരെയുള്ള 12% പിഴപ്പലിശയുൾപ്പെടെയുള്ള 81,247 രൂപ 8-6-2004-ന് 39922/84-ാം നമ്പർ രസീത് പ്രകാരം ബ്ലോക്ക് ഓഫീസിലും തുടർന്ന് ടി തുക റ്റി.പി.എ. 3470-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

<u>22-9-2015-ലെ തെളിവെടുപ്പ് യോഗം</u>

3.10.9 പ്രസ്തുത ഖണ്ഡികയിലെ പരാമർശ സംഗതിയിൽ വിജിലൻസ് അന്വേഷണം നടത്തി ആരോപണവിധേയനായ മുൻ സെക്രട്ടറിയെ സർക്കാർ ഒഴിവാക്കിയിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ച അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് ഇപ്പോൾ നിലവിലില്ലെന്നും സമിതിയുടെ ശിപാർശ പ്രകാരം നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോ-ഓപ്പറേറ്റീവ് സെക്രട്ടറി സൊസൈറ്റി സെക്രട്ടറിക്ക് കത്ത് കൊടുത്തിരുന്നുവെന്നും, പഴയ സെക്രട്ടറി പലിശ സഹിതം തുക തിരിച്ചടച്ചിട്ടുണ്ടെന്നും, പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ടെന്നും ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

പ്രസ്തുത പരാമർശം ഓഡിറ്റ് പരിശോധിക്കണമെന്നും തുക അടച്ചിട്ടുണ്ടെങ്കിൽ തുടർ നടപടി അവസാനിപ്പിക്കാമെന്നും സമിതി നിർദ്ദേശിച്ചു.

<u>ഖണ്ഡിക നമ്പർ 134</u>

**ശിപാർശ**

3.11.1 ഇത് സംബന്ധമായ ഫയലുകൾ വീണ്ടും പരിശോധിച്ച് കൊല്ലം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മുഖേന [ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1-12-2004-ലെ എൽ.എഫ്.15205/സ്പെഷ്യൽ സെൽ (ജി1)2004 നമ്പർ കത്ത് പ്രകാരം] സമിതിക്ക് നൽകിയ മറുപടിയിൽ ഇത് സംബന്ധമായ ഫയലുകളും മറുപടിയും പരിശോധിച്ചതിൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് ശിപാർശ ചെയ്തിരുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ശിപാർശ അംഗീകരിച്ച് ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.11.2 ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 41-ലെയും സമാഹൃത റിപ്പോർട്ട് 2001-02 ഖണ്ഡിക 2, 11(5)-ലെയും പരാമർശം, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 16-2-2006-ൽ നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടിലെ ഖണ്ഡിക 134-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കിയിരിക്കുന്നു.

<u>ഖണ്ഡിക നമ്പർ 140</u>

**ശിപാർശ**

3.12.1 ലോവസ്റ്റ് ക്വട്ടേഷൻ ഒഴിവാക്കി അതേ മോഡൽ മെഷീൻതന്നെ 300 രൂപ അധികം നൽകി വാങ്ങിയത് സാമ്പത്തിക ദുർവിനിയോഗമാണെന്നും ആയതിനാൽ

ഓഡിറ്റിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട 30,900 രൂപ തയ്യൽ മെഷീന്റെ പർച്ചേസിന് ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.12.2 ടി പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് ഓഡിറ്റ് നിർദ്ദേശ പ്രകാരം റവന്യൂ റിക്കവറിവഴി 46,680 (നാൽപ്പത്താറായിരത്തി അറുന്നൂറ്റി എൺപത് രൂപ മാത്രം) രൂപ ഈടാക്കിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിരിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.12.3 റവന്യൂ റിക്കവറി വഴി 47,268 രൂപ ഈടാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 149</u>

**ശിപാർശ**

3.13.1 തയ്യൽ യൂണിറ്റുകൾ തുടങ്ങുന്നതിനുവേണ്ടി ലഭിച്ച അപേക്ഷയിന്മേൽ ആവശ്യമായ അന്വേഷണം നടത്താതെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതും, ഡി.പി.സി. അംഗീകാരമില്ലാതെ സബ്സിഡി തുക 3,000 രൂപയിൽ നിന്ന് 5,000 രൂപയാക്കി വർദ്ധിപ്പിച്ചതും വഴി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അധികാരം ദുർവിനിയോഗം നടത്തിയെന്നാണ് സമിതി വിലയിരുത്തുന്നത്. പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർക്കും ഇക്കാര്യത്തിലുള്ള ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല. ക്രമവിരുദ്ധമായി ചെലവാക്കിയ തുക പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ചവറ ബ്ലോക്ക് പഞ്ചായത്ത് വ്യവസായ വികസന ഓഫീസർ ശ്രീ. കെ. ജോസിൽനിന്നും ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളിൽ നിന്നുമായി ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.13.2 ടി പദ്ധതി വഴി ഗുണഭോക്താക്കൾക്ക് അനധികൃതമായി നൽകിയ തുക സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 88,608 (എൺപത്തിയെട്ടായിരത്തി അറുന്നൂറ്റി എട്ട് രൂപ മാത്രം) രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി BPFA-1 അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.13.3 88,608 രൂപ ഈടാക്കി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 153

**ശിപാർശ**

3.14.1 ചവറ സി.എച്ച്.സി. ആംബുലൻസ് ഷെഡ്ഡ് നിർമ്മാണം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഉപേക്ഷിച്ചുവെന്നും അഡ്വാൻസായി വാങ്ങിയ 13,500 രൂപ തിരിച്ചടച്ചുവെന്നും ഒന്നിലധികം പ്രോജക്ടുകളുടെ ഗുണഭോക്തൃ സമിതി കൺവീനർ ഒരേ വ്യക്തിതന്നെയാകുന്ന സാഹചര്യം ഇപ്പോൾ ഒഴിവാക്കുന്നുണ്ടെന്നും ചവറ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയുടെ 12-8-2004-ലെ തെളിവെടുപ്പിൽ ബോധിപ്പിക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം തൃപ്തികരമാണെന്ന് കണ്ടതിനാൽ ഒരേ വ്യക്തിക്ക് ഒന്നിലധികം പ്രോജക്ടുകളും അഡ്വാൻസും അനുവദിച്ചത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.14.2 ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ 1997-98 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 28-ലെയും സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2001-02 ഖണ്ഡിക 2:7-ലെയും പരാമർശം, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 16-2-2006-ൽ നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടിലെ ഖണ്ഡിക 153-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കിയിരിക്കുന്നു.

ഖണ്ഡിക നമ്പർ 162

**ശിപാർശ**

3.15.1 പതിനഞ്ച് ലക്ഷത്തിൽപ്പരം രൂപയാണ് കൊയ്ത്തുമെതിയന്ത്രം വാങ്ങുന്നതിനായി മുഖത്തല ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചത്. എന്നാൽ ഈ യന്ത്രം ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണെന്നും അത് തൃശ്ശൂരിലും മറ്റും കൊണ്ടുപോയാണ് പ്രവർത്തിപ്പിക്കുന്നതെന്നും അറിയിച്ച സാഹചര്യത്തിൽ യന്ത്രം വാങ്ങുന്നതിനായുള്ള പ്രോജക്ട് തയ്യാറാക്കിയ ഘട്ടത്തിൽ ഈ യന്ത്രം ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലെ ഏലാകളിൽ ഉപയോഗിക്കാൻ കഴിയുമോയെന്നത് സംബന്ധിച്ച യാതൊരു പഠനവും നടത്തിയിരുന്നില്ലെന്ന കാര്യം വ്യക്തമാണ്. തൃശ്ശൂരിലെ ഏലാകളിൽ ഉപയോഗിക്കുന്നതിനായി കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് കൊയ്ത്തുമെതിയന്ത്രം കൊണ്ടുപോയി പ്രവർത്തിപ്പിക്കുന്നത് വിചിത്രം തന്നെയാണ്. ആയതിനാൽ ഭാവനാശൂന്യമായ ഒരു പ്രോജക്ടുണ്ടാക്കിയതിന് ഉത്തരവാദികളായവർ ആരെല്ലാമാണെന്ന്

കണ്ടെത്തി അവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം തന്നെ നിഷ്ക്രിയമായി കിടക്കുന്ന കൊയ്ത്ത്-മെതിയന്ത്രം കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ കഴിയുന്ന തൃശ്ശൂരിലെ ഏതെങ്കിലും ബ്ലോക്ക് പഞ്ചായത്തിന് ഈ യന്ത്രം വിൽക്കുകയോ കൈമാറുകയോ ചെയ്യുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്നും കൂടാതെ മെതിയന്ത്രത്തിന്റെ transportation-നായി ഉപയോഗിക്കുന്ന കാരിയർ ലോറി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.15.2 കൊയ്ത്ത്-മെതിയന്ത്രം പ്രവർത്തിച്ച വകയിൽ ലഭിച്ച തുക തൃക്കോവിൽവട്ടം സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചെറുകര ബ്ലോക്ക് കായൽ നെല്ലുല്പാദക സമിതിക്ക് 11-4-2008 മുതൽ ഒരു മാസ കാലയളവിലേക്ക് കൊയ്ത്ത്-മെതിയന്ത്രവും ക്യാരിയർ വാഹനവും പ്രതിദിനം 1500 രൂപ വാടകയ്ക്ക് നൽകി. എന്നാൽ പാടശേഖര സമിതി പതിനഞ്ച് ദിവസം മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. ഈ ഇനത്തിൽ ലഭിച്ച തുക 22,500 രൂപ ബ്ലോക്ക് പഞ്ചായത്തിൽ അടയ്ക്കുകയും പ്രസ്തുത തുക പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. 2010 ആഗസ്റ്റ് മാസം ചേർന്ന കൊല്ലം ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം 2(1) പ്രകാരം കൊയ്ത്ത്-മെതിയന്ത്രം ജില്ലാ പഞ്ചായത്തിന്റെ കൃഷി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിട്ടുള്ളതും ഇപ്പോൾ ശരിയായ രീതിയിൽ ഉപയോഗിച്ച് വരുന്നതുമാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.15.3 ഭാവനാശൂന്യമായ പ്രോജക്ട് ഉണ്ടാക്കിയതിന് ഉത്തരവാദികൾ ആരെല്ലാമെന്ന് കണ്ടെത്തി അവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും ആയതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. ബഹു. നിയമസഭാ സമിതിയുടെ പരാമർശം ഒഴിവാക്കുന്നതിന് അഭ്യർത്ഥിച്ചുകൊണ്ട് 28-4-2014-ലെ പി-496/2014-ാം നമ്പർ കത്ത് മുഖാന്തരം ഗ്രാമവികസന കമ്മീഷണർക്ക് കത്ത് നൽകിയിട്ടുള്ളതായി കാണുന്നു. കൊയ്ത്ത്-മെതിയന്ത്രം കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശത്തിനുള്ള മറുപടിയായി ചെറുകര ബ്ലോക്ക് പഞ്ചായത്തിന് പ്രതിദിനം 1,500 രൂപ വാടകയ്ക്ക് നൽകുകയും 15 ദിവസത്തേക്ക് യന്ത്രം ഉപയോഗിച്ച വകയിൽ 22,500 രൂപ ബ്ലോക്ക് പഞ്ചായത്തിൽ അടയ്ക്കുകയും ചെയ്തു. ഈ തുകയിൽ 10,000 രൂപ യന്ത്രത്തിന്റെ മെയിന്റനൻസിനായി ചെലവഴിച്ചശേഷം 12,500 രൂപ 15-4-2010-ൽ ബാങ്കിൽ അടച്ചതായി പാസ്സ് ബുക്ക് പ്രകാരം കാണുന്നു.

തൃശ്ശൂരിലെ ഏതെങ്കിലും ബ്ലോക്ക് പഞ്ചായത്തിന് ഈ യന്ത്രം വിൽക്കുകയോ കൈമാറുകയോ ചെയ്യുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്നും കൂടാതെ മെതിയന്ത്രത്തിന്റെ ട്രാൻസ്പോർട്ടേഷനായി ഉപയോഗിക്കുന്ന കാരിയർ ലോറി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തിന് 28-6-2010-ൽ ചേർന്ന ബ്ലോക്ക് കമ്മിറ്റിയുടെ VIII-ാം നമ്പർ തീരുമാന പ്രകാരം യന്ത്രം, കാരിയർ ലോറി, ഷിഫ്റ്റിംഗ് റാമ്പ് എന്നിവ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ കൃഷി അസിസ്റ്റന്റ് എഞ്ചിനീയറിന് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. മറ്റ് ബ്ലോക്ക് പഞ്ചായത്തിന് വിൽക്കുന്നതിന് പകരം ജില്ലാ പഞ്ചായത്തിന് യന്ത്രം കൈമാറുകയാണ് ചെയ്തിട്ടുള്ളത്. (വിൽക്കുന്ന ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകേണ്ട തുക ലഭ്യമായിട്ടില്ല). കൂടാതെ ഈ യന്ത്രം ജില്ലാ പഞ്ചായത്തിന്റെ കൈവശം ഉപയോഗിക്കുന്നതിന്റെയോ ആയതിന്റെ വരുമാനം ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കുന്നതിന്റെയോ രേഖകൾ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല. (നിലവിൽ യന്ത്രം ഉപയോഗിക്കുന്നതിന്റെ രേഖകൾ ലഭ്യമല്ല).

കൊയ്ത്ത്-മെതിയന്ത്രം ഉപയോഗിച്ചതിന്റെ വരുമാനം ഇനത്തിൽ തൃക്കോവിൽവട്ടം പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ ക്യൂ.-78-ലെ 7352-ാം നമ്പർ അക്കൗണ്ടിൽ 3,78,482 രൂപ ബാലൻസ് 31-3-2014-ൽ നിലവിലുണ്ട്. (ഇതിൽ 31-3-2014-ന് ശേഷം വരുമാനം ഡെപ്പോസിറ്റ് ചെയ്തിട്ടില്ല).

<u>19-8-2015-ലെ സമിതി യോഗം ആരാഞ്ഞ അധിക വിവരം</u>

3.15.4 31-3-2014-ന് ശേഷമുള്ള വരുമാനത്തിന്റെ വിവരവും നിക്ഷേപതുകയുടെ വിനിയോഗ വിവരവും സംബന്ധിച്ച റിപ്പോർട്ട് പതിനഞ്ച് ദിവസത്തിനകം ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് നിർദ്ദേശിക്കുവാൻ സമിതി തീരുമാനിച്ചു

<u>സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം</u>

3.15.5 കൊയ്ത്ത്-മെതിയന്ത്രം പ്രവർത്തിച്ച വകയിൽ ലഭിച്ച തുക തൃക്കോവിൽവട്ടം സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചെറുകര ബ്ലോക്ക് കായൽ നെല്ലുൽപ്പാദക സമിതിക്ക് 11-4-2008 മുതൽ ഒരു മാസ കാലയളവിലേക്ക് കൊയ്ത്ത്-മെതിയന്ത്രവും ക്യാരിയർ വാഹനവും പ്രതിദിനം 1,500 രൂപയ്ക്ക് നൽകി. എന്നാൽ പാടശേഖര സമിതി പതിനഞ്ച് ദിവസം മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. ഈ ഇനത്തിൽ ലഭിച്ച തുക 22,500 രൂപ ബ്ലോക്ക് പഞ്ചായത്തിൽ അടയ്ക്കുകയും പ്രസ്തുത തുക പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. 2010 ആഗസ്റ്റ് മാസം ചേർന്ന കൊല്ലം ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം 2(1) പ്രകാരം കൊയ്ത്ത്-മെതിയന്ത്രവും

ലോറിയും ജില്ലാ പഞ്ചായത്തിന്റെ കൃഷി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിട്ടുള്ളതും ഇപ്പോൾ ശരിയായ രീതിയിൽ ഉപയോഗിച്ച് വരുന്നെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>അധികവിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.15.6 11-4-2008-ലെ കരാർ പ്രകാരം കൊയ്ത്ത്-മെതിയന്ത്രവും KL-2L-7551 എന്ന കാരിയർ ലോറിയും ദിവസ വാടകയ്ക്കായി E-ബ്ലോക്ക് കായൽ നെല്ലുൽപ്പാദക സമിതിക്ക് ഒരു മാസത്തേയ്ക്ക് വാടകയ്ക്ക് നൽകി. ഇതിൽ 15 ദിവസത്തെ വാടകയിനത്തിൽ 22,500 രൂപ ബ്ലോക്ക് പഞ്ചായത്തിൽ വരവ് വന്നിട്ടുണ്ട്. വരവ് വന്ന 22,500 രൂപയിൽ 10,000 രൂപ വാഹനത്തിന്റെ റിപ്പയറിംഗിനായി വിനിയോഗിക്കുകയും ബാലൻസ് തുകയായ 12,500 രൂപ 15-4-2008-ൽ തൃക്കോവിൽവട്ടം പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലുള്ള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 7352) നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ 28-6-2010-ലെ തീരുമാനത്തിന്റെയും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 8-9-2010-ലെ എ 3/2197/09-നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത മെതിയന്ത്രവും കാരിയർ ലോറിയും, ഷിഫ്റ്റിംഗ് റാമ്പും ഇരവിപുരം അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചറിന്റെ പക്കൽ നിന്നും 17-9-2010-ൽ കൊല്ലം അഗ്രിക്കൾച്ചർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഏറ്റെടുത്തിട്ടുണ്ട്. ഇത് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അന്വേഷണത്തിൽ അറിയുന്നതായി 20-2-2017-ലെ പി/1339/09-ാം നമ്പർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 163</u>

**ശിപാർശ**

3.16.1 പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വൻ തുകകൾ മുടക്കി കൊയ്ത്ത്-മെതിയന്ത്രം, പോട്ട് ഹോൾ മെഷീൻ മുതലായ ആസ്തികൾ വാങ്ങി ഉപയോഗശൂന്യമായും നിഷ്ക്രിയമായും പൊതുമുതൽ ദുർവിനിയോഗം ചെയ്യുന്ന പ്രവണത സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെ നിഷ്ക്രിയ ആസ്തികൾക്കായി വൻ തുകകൾ മുടക്കുന്നതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ഗണ്യമായൊരു വിഹിതം നഷ്ടപ്പെടുന്നുണ്ടെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു നിശ്ചിത തുകയ്ക്ക് മുകളിലുള്ള പ്രോജക്ടുകൾക്ക് തുക വിനിയോഗിക്കുന്നതും ആസ്തികൾ വാങ്ങുന്നതും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെയും പദ്ധതി വിലയിരുത്തലിന്റെയും അടിസ്ഥാനത്തിലും

സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയതിനുശേഷവും മാത്രമായിരിക്കണമെന്ന് സമിതി നിർദ്ദേശിച്ച് സർക്കാർ തലത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.16.2 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി രൂപീകരിക്കുന്നതിനും ചെലവുകൾ ചെയ്യുന്നതിനും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നുണ്ട്. ആസ്തികൾ സ്വരൂപിക്കുന്നതിനും വാങ്ങലുകൾ നടത്തുന്നതിനും നിശ്ചിത ചട്ടങ്ങൾ നിലവിലുണ്ട്.

നിയതമായ മാർഗ്ഗനിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കുമനുസൃതമായി സ്വയം തീരുമാനങ്ങളെടുക്കാനും നടപ്പിലാക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിക്കുകയെന്നുള്ളതാണ് അധികാരവികേന്ദ്രീകരണത്തിന്റെ കാതൽ. ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മറികടക്കുന്നില്ലായെന്ന് ഉറപ്പുവരുത്താൻ പര്യാപ്തമായ ഓഡിറ്റ് സംവിധാനവും നിലവിലുണ്ട്.

ഈ സാഹചര്യത്തിൽ ഒരു നിശ്ചിത തുകയ്ക്ക് മുകളിലുള്ള പ്രോജക്ടുകൾക്ക് തുക വിനിയോഗിക്കുന്നത് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയതിനുശേഷം മാത്രമായിരിക്കണം എന്ന നിർദ്ദേശം അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്തയ്ക്ക് നിരക്കാത്തതായതിനാൽ അംഗീകരിക്കാൻ കഴിയില്ലെന്ന വിവരം സമിതിയെ അറിയിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.16.3 സമിതിയുടെ ശിപാർശയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ പൂർണ്ണതോതിൽ സമിതി നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുവെ പ്രോജക്ടുകൾക്ക് തുക വിനിയോഗിക്കുന്നത് പ്രോജക്ട് റിപ്പോർട്ടിന്റെയും സർക്കാരിന്റെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു നിശ്ചിത തുകയ്ക്ക് മുകളിലുള്ള പ്രോജക്ടുകൾക്ക് തുക വിനിയോഗിക്കുന്നതും ആസ്തികൾ വാങ്ങുന്നതും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെയും പദ്ധതി വിലയിരുത്തലിന്റെയും അടിസ്ഥാനത്തിലും സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയതിനുശേഷവും മാത്രവുമായിരിക്കണമെന്ന് നിർദ്ദേശിച്ച് സർക്കാർ തലത്തിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നാണ് സമിതി ശിപാർശ ചെയ്തിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ സഹായധനം ലഭ്യമാകുന്ന സംസ്ഥാന ഗവൺമെന്റിന്റെ പല പ്രോജക്ടുകൾക്കും കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂർ അനുമതി

തേടുന്നതുപോലെ സംസ്ഥാന ഗവൺമെന്റിന്റെ സഹായധനം ഉപയോഗിച്ച് നടപ്പിലാക്കുന്ന നിശ്ചിത തുകയ്ക്ക് മുകളിലുള്ള പ്രോജക്ടുകൾക്ക് മേഖല തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേരള സർക്കാരിന്റെ മുൻകൂർ അനുമതി നേടണമെന്ന് ഉൾപ്പെടെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സമിതി നിർദ്ദേശാനുസരണം സ്വീകരിക്കാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 167</u>

**ശിപാർശ**

3.17.1 20,000 രൂപയ്ക്ക് മുകളിലുള്ള പർച്ചേസ് എന്ന നിലയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി മെഷർമെന്റ് എടുത്ത് ക്വട്ടേഷൻ ക്ഷണിച്ച് വേണമായിരുന്നു കട്ടിൽ നിർമ്മാണത്തിനുള്ള തടി വാങ്ങേണ്ടിയിരുന്നത്. ഇക്കാര്യത്തിൽ നടപടിക്രമ ങ്ങളൊന്നും പാലിച്ചിട്ടില്ല എന്നു മാത്രമല്ല കട്ടിലും കസേരയും വാങ്ങി നൽകുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിൽ മാറ്റം വരുത്തി തടി വാങ്ങി കട്ടിൽ മാത്രം നിർമ്മിച്ചു നൽകുന്നതിനുള്ള തീരുമാനത്തിന് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടില്ല. നിർമ്മിച്ച് നൽകിയ കട്ടിലുകളുടെ വാല്യുവേഷൻ ഇതുവരെയും നടത്തിയിട്ടില്ല. നടപടിക്രമങ്ങളുടെ ഗുരുതരമായ ലംഘനമാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർ ആരെല്ലാമാണെന്ന് കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.17.2 പ്രോജക്ടിൽ ആഞ്ഞിലി തടി ഉപയോഗിച്ചുള്ള 30 കട്ടിലും 10 കസേരയുമാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ പ്രായോഗികമായി ആഞ്ഞിലി തടി ഫർണിച്ചറായി ഉപയോഗിക്കാനനുയോജ്യമല്ലാത്തതിനാലാണ് കരിംതകര പകരമായി ഉപയോഗിച്ചത്. കരിംതകര ഉപയോഗിച്ചതിനാൽ 30 കട്ടിൽ മാത്രം നിർമ്മിക്കാനേ തടി തികഞ്ഞുള്ളൂ. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 2(1) തീരുമാന പ്രകാരം പ്രോജക്ടിൽ നിന്ന് കസേര ഒഴിവാക്കിയിട്ടുണ്ട്.

ഈടുനിൽക്കുന്ന കരിംതകര കൊണ്ട് കട്ടിൽ നിർമ്മിച്ചതുകൊണ്ട് കട്ടിലുകളിപ്പോഴും തകരാറില്ലാതെ ഉപയോഗിച്ചുവരുന്നു. ഇത് പരിശോധിച്ച് മനസ്സിലാക്കിയ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി 25-4-2014-ലെ 1-ാം നമ്പർ തീരുമാന പ്രകാരം നടപടിക്രമങ്ങളിലെ വീഴ്ചകൾ നല്ല ഉദ്ദേശ്യത്തെ കരുതി മാപ്പാക്കണമെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ആഫീസർ ശ്രീ. വി. രവീന്ദ്രനെ കുറ്റവിമുക്തമാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഗുണഭോക്തൃ സമിതിയെ പദ്ധതി നടപ്പിലാക്കുവാൻ കരാർ പ്രകാരം ഏൽപ്പിച്ചതിനാലാണ് തടി വാങ്ങിയപ്പോൾ ക്വട്ടേഷൻ വിളിക്കാത്തത്. പദ്ധതി നിർവ്വഹണത്തിനുവേണ്ടി രൂപീകരിച്ച ഗുണഭോക്തൃ സമിതിയിൽ ബ്ലോക്ക് പഞ്ചായത്ത് മെമ്പറായ ശ്രീ. മധു അംഗമായത് ചട്ടത്തിന് വിരുദ്ധമാണെന്ന ഓഡിറ്റ് പരാമർശം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി പൂർണ്ണമായി ഉൾക്കൊള്ളുകയും ഈ തെറ്റ് തുടർന്ന് ആവർത്തിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. നടപടിക്രമങ്ങളിലെ വീഴ്ചകൾ മാപ്പാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.17.3 ബഹു. നിയമസഭാ സമിതി നിർദ്ദേശിച്ച പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥൻ ശ്രീ. വി. രവീന്ദ്രൻ 30-11-2008-ൽ സേവനത്തിൽ നിന്നും വിരമിച്ചു എന്ന വിവരവും അറിയിക്കുന്നു.

<u>ഖണ്ഡിക നമ്പർ 176</u>

**ശിപാർശ**

3.18.1. വെട്ടിക്കവല ബ്ലോക്കിൽ ലൈബ്രറി സജ്ജീകരിച്ചിട്ടുണ്ടെന്നും 32 ലൈബ്രറി പുസ്തകങ്ങളും മറ്റും നൽകി കഴിഞ്ഞുവെന്നുമുള്ള വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം മുഖവിലയ്ക്കെടുത്താൽ പോലും അലമാരയും മറ്റും വാങ്ങിയതിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതിരുന്നത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർ ആരെല്ലാമാണെന്ന് കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.18.2 ഈ പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. സുബാഷ് ബാബുവിൽ നിന്ന് ലഭിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ സെക്രട്ടറി ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

പ്രോജക്ടിനാവശ്യമായ പുസ്തകങ്ങൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരളാ മാർക്കറ്റിംഗ് സൊസൈറ്റി എന്നീ ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്ന് ചട്ടപ്രകാരമാണ് വാങ്ങിയതെന്നും അലമാരകൾ ഉയർന്ന ഗുണനിലവാരവും കൃത്യമായ മാർക്കറ്റ് വിലയുമുള്ള ഗോദ്റേജ് കമ്പനിയുടെതുമാണ് വാങ്ങിയതെന്നുമാണ് സെക്രട്ടറി അറിയിച്ചിരിക്കുന്നത്. ജനകീയാസൂത്രണത്തിന്റെ പ്രാരംഭമായ 1998-99-ൽ നടപ്പിലാക്കിയ പ്രോജക്ട് ആയതിനാൽ പരിചയക്കുറവ് മൂലമാണ് പോരായ്മകൾ സംഭവിച്ചത് എന്നും ആയത് മാപ്പാക്കണമെന്നും ഇതിൽ

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിനോ സർക്കാരിനോ യാതൊരുവിധ സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലായെന്നും ടി പ്രോജക്ടിന്റെ ഗുണഫലങ്ങൾ ജനങ്ങൾ ഇപ്പോഴും അനുഭവിക്കുന്നുവെന്നും കൂടാതെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സത്തെക്കുറിച്ച് 25-4-2014-ൽ കൂടിയ കമ്മിറ്റിയിൽ ബ്ലോക്ക് പഞ്ചായത്ത് ചർച്ച ചെയ്യുകയും ഇതിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകാത്തതിനാലും സദുദ്ദേശത്തോടെ നടപ്പിലാക്കിയ പദ്ധതി ഇപ്പോഴും പൊതുജനങ്ങൾ ഉപയോഗിച്ചുവരുന്നതിനാലും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 25-4-2014-ലെ 2-ാം നമ്പർ തീരുമാന പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.18.3 നിയമസഭാ സമിതി നിർദ്ദേശിച്ച പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥൻ ശ്രീ. സുബാഷ് ബാബു, ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. ആയി പി.ഐ.യു. കൊല്ലം ജില്ലാ പഞ്ചായത്തിൽ സേവനത്തിൽ തുടരുന്നു.

<u>ഖണ്ഡിക നമ്പർ 179</u>

**ശിപാർശ**

3.19.1. അങ്ങാടിപ്പുറം പഞ്ചായത്തിലുള്ള ചെമ്പൻമുഖം പാടശേഖരത്തിലെ നീർച്ചാൽ നിർമ്മാണത്തിൽ സന്നദ്ധസേവനയിനത്തിൽ കൺവീനറിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന 15,000 രൂപയിൽ 8,096 രൂപ മാത്രം കുറവുചെയ്തതിന്റെ കാരണം വ്യക്തമാകുന്നില്ല. ആഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക തിരിച്ചടയ്ക്കാൻ കൂട്ടാക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥനായ ആലപ്പുഴ കൃഷി ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി അത്യധികം ഗൗരവമായിട്ടാണ് സമിതി വീക്ഷിക്കുന്നത്. ഈ ഉദ്യോഗസ്ഥന് പലതവണ കത്തുകൾ അയച്ചെങ്കിലും മറുപടിപോലും നൽകിയിട്ടില്ലെന്ന റാന്നി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി, കൃഷി ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിലുള്ള ഒരു ഉന്നത ഉദ്യോഗസ്ഥനിൽ നിന്നുണ്ടാകാൻ പാടില്ലാത്തതാണ്. ആയതിനാൽ ചെമ്പൻമുഖം പാടശേഖരത്തിലെ നീർച്ചാൽ നിർമ്മാണത്തിൽ ഇനിയും കുറവുചെയ്യേണ്ടതായ 6,904 രൂപ പലിശ സഹിതം അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. സാം മാത്യുവിൽ [അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ (മാർക്കറ്റിംഗ്), പ്രൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസ്, ആലപ്പുഴ] നിന്ന് ഈടാക്കാൻ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.19.2 തുക ഈടാക്കി 3-5-2008-ൽ സർക്കാർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.19.3 6,904 രൂപ പലിശ സഹിതം 16-5-2008-ലെ 14-ാം നമ്പർ ചെലാൻ പ്രകാരം തിരികെ അടച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

**ഖണ്ഡിക നമ്പർ 180**

ശിപാർശ

3.20.1. ഇടശ്ശേരി പടവ് ഏലാവികസനത്തിന് സന്നദ്ധ സേവനമായ 5,000 രൂപ കുറവുചെയ്യാതെ ബിൽ തുക നൽകിയതുമൂലം നഷ്ടമായ തുക തിരിച്ച് ഈടാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് 31-5-2004-ലെ സമിതിയുടെ തെളിവെടുപ്പ് വേളയിൽ മറുപടി നൽകിയിരുന്നുവെങ്കിലും എന്ത് നടപടിയാണ് സ്വീകരിച്ചതെന്നോ തുക തിരികെ ലഭിച്ചിട്ടുണ്ടെന്നതോ സംബന്ധിച്ച് നാളിതുവരെ വിവരമൊന്നും നൽകിയിട്ടില്ല. ആയതിനാൽ, ഇടശ്ശേരിപടവ് ഏലാവികസന പ്രോജക്ടിൽ സന്നദ്ധ സേവനമിനത്തിൽ കുറവുചെയ്യേണ്ടിയിരുന്ന 5,000 രൂപയും അതിന്റെ പലിശയും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. സാം മാത്യുവിൽ നിന്നു തന്നെയാണ് തിരിച്ചു പിടിക്കേണ്ടത്. പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരിച്ചുപിടിച്ച് വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.20.2 തുക ഈടാക്കി 3-5-2008-ൽ സർക്കാർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.20.3 5,000 രൂപ പലിശ സഹിതം 16-5-2008-ലെ 14-ാം നമ്പർ ചെലാൻ പ്രകാരം തിരികെ അടച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

ഖണ്ഡിക നമ്പർ 191

**ശിപാർശ**

3.21.1. കോയിപ്രം പഞ്ചായത്തിലെ മീനാറാംകുന്ന് കുളം ഉദ്ധാരണത്തിനും സ്റ്റെപ്പ് നിർമ്മാണത്തിനുമായി അഡ്വാൻസ് നൽകിയ 25,000 രൂപ തിരികെ പിടിക്കുന്നതിന് 15-5-2001-ൽ ആരംഭിച്ച റവന്യൂ റിക്കവറി നടപടി നാലുവർഷത്തിനുശേഷവും അവസാനിപ്പിക്കാൻ കഴിയാത്തതിലും ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട തുക ഈടാക്കാൻ കഴിയാത്തതിലും സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കരാറുകാരനുമായി അപൂർണ്ണവും നിയമപ്രകാരമുള്ള സാക്ഷ്യപ്പെടുത്തൽ ഇല്ലാതെയും കരാർ ഉണ്ടാക്കിയതുമൂലമാണ് ഇങ്ങനെ സംഭവിച്ചത്. ഇതിനുത്തരവാദിയായ അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ശ്രീ. സെൽവരാജൻ തികച്ചും നിരുത്തരവാദപരമായിട്ടാണ് പെരുമാറിയിരിക്കുന്നത്. സർവ്വീസിൽ നിന്ന് റിട്ടയർചെയ്ത സാഹചര്യത്തിൽ ശ്രീ. സെൽവരാജനെതിരെ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന കാര്യം പരിശോധിക്കേണ്ടതാണ്. ഏതായാലും ഇതുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തണമെന്നും ആവശ്യമെങ്കിൽ ഇതിനായി കളക്ടറെ നേരിൽ കണ്ട് കാര്യങ്ങൾ അറിയിക്കണമെന്നും തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.21.2 ടി പ്രവൃത്തിയുടെ കൺവീനറായ ശ്രീ. ഇ. പി. ഫിലിപ്പ്, മാലയിൽ പട്ടരോട് പി.ഒ., പുറമറ്റം എന്നയാൾ അഡ്വാൻസ് ആയി കൈപ്പറ്റിയ 25,000 (ഇരുപത്തിഅയ്യായിരം രൂപ മാത്രം) രൂപ ടി പ്രവൃത്തി നടക്കാതെ വന്നതിനെത്തുടർന്ന് ഓഡിറ്റിന്റെയും നിയമസഭാ സമിതിയുടെയും നിർദ്ദേശാനുസരണം റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുകയും ടി തുക മല്ലപ്പള്ളി തഹസീൽദാർ വസൂലാക്കി 4-9-2004-ലെ 148591-ാം നമ്പർ ഡി.ഡി. ആയി കോയിപ്രം ബ്ലോക്ക് ഓഫീസിൽ ലഭ്യമാക്കുകയും ചെയ്തു എന്നും ടി തുക എസ്.ജി.ആർ.വൈ. അക്കൗണ്ട് നമ്പർ 1704-ൽ 16-9-2004-ൽ നിക്ഷേപിക്കുകയും ചെയ്തു എന്നും സെക്രട്ടറി അറിയിച്ചിരിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.21.3 കൺവീനർക്ക് മുൻകൂർ നൽകിയ 25,000 രൂപ റവന്യൂ റിക്കവറി നടപടിയിലൂടെ മല്ലപ്പള്ളി തഹസീൽദാർ വസൂലാക്കുകയും 4-9-2004-ലെ 148591-ാം നമ്പർ ഡി.ഡി. പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ ലഭിക്കുകയും 17-9-2004-ൽ ബ്ലോക്ക് പഞ്ചായത്തിന്റെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ, കുമ്പനാട് ശാഖയിലെ 1704-ാം നമ്പർ അക്കൗണ്ടിൽ ഒടുക്കുകയും ചെയ്തു. എന്നാൽ ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്നും മുൻകൂർ കൈപ്പറ്റിയ തുക, പണി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ 18% പലിശ സഹിതം ഈടാക്കണമെന്ന് സർക്കാർ നിർദ്ദേശം ഉണ്ടെങ്കിലും 7-11-1998 മുതൽ 4-9-2004 വരെയുള്ള പലിശ ഈടാക്കിയിട്ടില്ല.

ഖണ്ഡിക നമ്പർ 193

ശിപാർശ

3.22.1. കോയിപ്രം ഗ്രാമപഞ്ചായത്തിലെ അരിപ്പൊടി, മുളക്‌പൊടി യൂണിറ്റുകൾക്ക് ബി.എൽ.ഇ.സി. അംഗീകാരം ലഭിച്ചിട്ടില്ലെന്ന ആഡിറ്റ് പരാമർശമുണ്ടായശേഷമായിരിക്കണം പ്രസ്തുത പ്രോജക്ടിന് ബി.എൽ.ഇ.സി. ചെയർമാന്റെ അംഗീകാരം ലഭിച്ചതെന്നാണ് സമിതി വിലയിരുത്തുന്നത്. അരിപ്പൊടി, മുളക് പൊടി യൂണിറ്റുകളുടെ കണക്ക് ബുക്കുകളിൽ കാര്യമായ ഇടപാടുകൾ ഇല്ല എന്നതിൽ നിന്ന് പ്രസ്തുത യൂണിറ്റുകൾ സജീവമായി

പ്രവർത്തിക്കുന്നില്ലെന്ന് സമിതി കരുതുന്നു. ആയതിനാൽ ഈ രണ്ടു യൂണിറ്റുകളുടെ പ്രവർത്തനവും ഇപ്പോഴത്തെ സാമ്പത്തിക നിലയും വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.22.2 കോയിപ്രം ഗ്രാമ പഞ്ചായത്തിലെ ടി യൂണിറ്റിന് മൊത്തം 75,000 (എഴുപത്തി അയ്യായിരം രൂപ മാത്രം) രൂപ ബ്ലോക്ക് ധനസഹായമായി നൽകിയിട്ടുണ്ട്. ടി യൂണിറ്റുകൾ പ്രസ്തുത ഫണ്ടിൽ നിന്ന് 14,000 (പതിനാലായിരം രൂപ മാത്രം) രൂപ, 20,800 (ഇരുപതിനായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപ എന്നീ തുകകൾ പിൻവലിച്ച് കാപ്പിപ്പൊടി, അരിപ്പൊടി, മുളകുപൊടി, മല്ലിപ്പൊടി, ഉലുവപ്പൊടി എന്നിവ നിർമ്മിച്ച് പായ്ക്കറ്റുകളാക്കി വീടുവീടാന്തരം വിതരണം നടത്തി വരുന്നതായി സെക്രട്ടറി അറിയിക്കുന്നു. നിലവിൽ ടി യൂണിറ്റുകൾ വളരെ സജീവമായി പ്രവർത്തിക്കുന്നതായും സെക്രട്ടറി അറിയിച്ചിരിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.22.3 ഗ്രാമ പഞ്ചായത്തിലെ ചേന്നമല കേന്ദ്രീകരിച്ച് നടത്തുന്ന അരിപ്പൊടി, കാപ്പിപ്പൊടി യൂണിറ്റിന് 35,000 രൂപയും, മുളകുപൊടി യൂണിറ്റിന് 40,000 രൂപയും 29-3-1999-ൽ നൽകി.

ഇതിൽ ശ്രീമതി സുജാപൊന്നപ്പൻ സെക്രട്ടറിയായി പ്രവർത്തിക്കുന്ന ചേന്നമല ഹരിജൻ കറിപ്പൊടി യൂണിറ്റിന്റെ പേരിൽ 31-3-1999-ൽ 40,000 രൂപ A/c നമ്പർ 2753-ൽ തിരുവല്ല ഈസ്റ്റ് കോപ്പറേറ്റീവ് ബാങ്ക്, കുമ്പനാട് ശാഖയിൽ നിക്ഷേപിച്ചിരുന്നു. ഇതിൽ നിന്നും 35,000 രൂപ 4/1999-ൽ പിൻവലിച്ചു. 2000 ഏപ്രിൽ മാസം വരെ വരവ് ചെലവ് കൃത്യമായി എഴുതി. പിന്നീട് 2003 ഒക്ടോബർ മുതൽ കണക്കുകൾ എഴുതിയിട്ടുണ്ട്. പാസ് ബുക്ക് പ്രകാരം 2010-ന് ശേഷം ഇടപാടുകൾ ഒന്നും ഇല്ല. 299 രൂപ മാത്രം അക്കൗണ്ടിൽ അവശേഷിക്കുന്നു. ഇപ്പോഴും വില്പന ഉണ്ടെങ്കിലും, വില്പന തുക അക്കൗണ്ടിൽ നിക്ഷേപിക്കാതെ വീണ്ടും സാധനങ്ങൾ വാങ്ങുന്നതിനായി ഉപയോഗിക്കുന്നു. ടി ഗ്രൂപ്പ് വിപണന മേളകളിലും പങ്കെടുക്കുന്നുണ്ട്.

ശ്രീമതി തങ്കമ്മ ജോൺ, പാറയിരിക്കും പുരയിടം എന്നയാൾ സെക്രട്ടറിയായിട്ടുള്ള അരിപ്പൊടി/കാപ്പിപ്പൊടി യൂണിറ്റ് "ചേന്നമല ഗ്രാമീണ മഹിളാ സമാജം" എന്ന പേരിൽ തിരുവല്ലം ഈസ്റ്റ് കോപ്പറേറ്റീവ് ബാങ്ക് കുമ്പനാട് ശാഖയിൽ 31-3-1999-ൽ 35,000 രൂപ നിക്ഷേപിച്ചു. 5-1-2011-ൽ അക്കൗണ്ടിൽ ബാലൻസ് 880 രൂപയാണ്. നിലവിൽ ഈ യൂണിറ്റുകൾ കാപ്പിപ്പൊടി മാത്രമേ വില്പനയുള്ളൂ. 2-6-2013 വരെ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ.

ഈ യൂണിറ്റിലെ അംഗമായിരുന്ന ശ്രീമതി ലിസി ജോയി, 9 പേർ ചേർന്ന് "സുരഭി സ്വയം സഹായ സംഘം" എന്ന പേരിൽ ഒരു അരിപ്പൊടി നിർമ്മാണ യൂണിറ്റ് ആരംഭിക്കുകയും ഇതിനായി 17,500 രൂപ ശ്രീമതി തങ്കമ്മ ജോൺ ഈ യൂണിറ്റിന് കൈമാറുകയും ചെയ്തു. (അക്കൗണ്ട് നമ്പർ 5920/11-12-2013 ഇന്ത്യൻ ഓവർസീസ് ബാങ്ക്, കമ്പനാട്) ഈ യൂണിറ്റ് വിപണന മേളകളിലും പങ്കെടുക്കുന്നു.

ടി യൂണിറ്റുകളുടെ പ്രവർത്തനം പൂർണ്ണമായി നിലച്ചിട്ടില്ല. അംഗങ്ങൾ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പണിയ്ക്കു പോകുന്നതിനാൽ പ്രവർത്തനം മന്ദഗതിയിലാണ് എന്നും അറിയിക്കുന്നു.

<u>ഖണ്ഡിക നമ്പർ 216</u>

**ശിപാർശ**

3.23.1. ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ കിണർ കുഴിക്കുന്നതിന് അഡ്വാൻസ് നൽകിയിട്ട് കിണർ കുഴിക്കുകയോ അഡ്വാൻസ് വാങ്ങിയ തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. ഇതേ സ്ഥിതിവിശേഷം സംസ്ഥാനത്തെ ഒട്ടുമിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിലനില്ക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ റിക്കവറി ആക്ടിന്റെ നോട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുന്നില്ലെന്ന കാരണത്താൽ അത്തരം സ്ഥാപനങ്ങളുടെ റവന്യൂ റിക്കവറി അപേക്ഷകൾ കളക്ടർമാർ മടക്കി നൽകുന്നതുമൂലമാണ് ഇത് സംഭവിക്കുന്നത്. ഇത് പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തന്നെ അവർക്ക് ഇത്തരത്തിൽ ലഭിക്കേണ്ട തുകകൾ ജപ്തി മുതലായ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ തിരിച്ചെടുക്കുന്നതിന് ആവശ്യമായ നിയമഭേദഗതി ഉണ്ടാവണമെന്ന സമിതിയുടെ 4-ാം മത് റിപ്പോർട്ടിലെ ശിപാർശ സമിതി ആവർത്തിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.23.2 പ്രത്യേക അഭിപ്രായമില്ല.

<u>ഖണ്ഡിക നമ്പർ 217</u>

**ശിപാർശ**

3.24.1 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ പട്ടികജാതിക്കാർക്കുവേണ്ടി നിർമ്മിക്കാനുദ്ദേശിച്ച് അഡ്വാൻസ് നൽകിയ മൂന്ന് കിണറുകളിൽ പണി പൂർത്തിയാകാത്ത രണ്ട് കിണറുകളുടെ ചെലവിനത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിക്കേണ്ട അഡ്വാൻസ് തുക എത്രയാണെന്ന് കണക്കാക്കി പ്രസ്തുത തുക പലിശ സഹിതം പണി ഏറ്റെടുത്ത് നടത്തിയ ഗുണഭോക്തൃ കമ്മിറ്റി കൺവീനർമാരിൽ നിന്ന് തിരിച്ച് പിടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.24.2 ഇപ്പോൾ ഈ മൂന്ന് കിണറിന്റെയും പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും മാടവന ലക്ഷം വീട് കോളനിയിൽ നിർമ്മിച്ച പൊതു കിണറിന്റെ മൂല്യ നിർണ്ണയം നടത്തിയിട്ടില്ല എന്നും കൺവീനർക്ക് അഡ്വാൻസ് തുക മാത്രമെ ഇതുവരെ നൽകിയിട്ടുള്ളുവെന്നും സെക്രട്ടറി അറിയിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.24.3 പരാമർശ വിധേയമായ കിണറുകൾ നിലവിൽ ഉപയോഗപ്രദമാണ് എന്ന് അതാത് പ്രദേശത്തെ വി.ഇ.ഒ.മാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഒരു കിണറിന്റെ (മാടവന കോളനി) മൂല്യ നിർണ്ണയം നടത്തുകയോ ഫൈനൽ ബിൽ നൽകുകയോ ചെയ്തിട്ടില്ല

## ഖണ്ഡിക നമ്പർ 219

### ശിപാർശ

3.25.1 മങ്കുഴിച്ചാൽ ഹരിജൻ കോളനി റോഡ് നിർമ്മാണം കുറ്റമറ്റ രീതിയിൽ നടന്നിട്ടുണ്ടോയെന്ന സമിതിയുടെ 12-8-2004-ലെ തെളിവെടുപ്പ് വേളയിലെ ചോദ്യത്തിന് പ്രസ്തുത റോഡ് നിർമ്മാണം കുറ്റമറ്റ രീതിയിൽ നടന്നിട്ടുണ്ടെന്നും പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നുള്ള വാല്യുവേഷൻ ലഭിച്ചിട്ടുണ്ടെന്നും സമിതി സ്ഥലം സന്ദർശിച്ചാൽ ഇക്കാര്യം നേരിട്ട് ബോധ്യപ്പെടുമെന്നും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി പ്രഥമദൃഷ്ട്യാ തൃപ്തികരമാണെന്ന് കാണുന്നതിനാൽ ഇതുസംബന്ധമായ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.25.2 നിയമസഭാ സമിതിയുടെ 11-ാം മതു റിപ്പോർട്ടിലെ ഖണ്ഡിക 219-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി ഉത്തരവ് നൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

## ഖണ്ഡിക നമ്പർ 226

### ശിപാർശ

3.26.1 ക്യാഷ് ചെസ്റ്റ് രജിസ്റ്റർ ഇല്ലാത്ത സാഹചര്യത്തിൽ താൽക്കാലിക പണാപഹരണം നടന്നിട്ടുണ്ടോയെന്ന കാര്യം കൃത്യമായി കണ്ടെത്താൻ പ്രയാസമാണ് എങ്കിൽത്തന്നെയും മെഡിക്കൽ ഓഫീസറുടെ വിശദീകരണം . ഉത്തമ വിശ്വാസത്തിലെടുത്തും ഇക്കാര്യത്തിൽ ആലപ്പുഴ ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ്

ഡെപ്യൂട്ടി ഡയറക്ടർ നൽകിയ പുന:പരിശോധനാ റിപ്പോർട്ടും [ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 28-9-2004-ലെ എൽ.എഫ്. 15205/സ്പെഷ്യൽ സെൽ(ജി1)/2004 നമ്പർ പ്രകാരം ലഭിച്ചത്] കണക്കിലെടുത്ത് ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.26.2 ബഹു. നിയമസഭാ സമിതിയുടെ 11-ാം മത് റിപ്പോർട്ടിലെ ഖണ്ഡിക 226-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി ഉത്തരവിറക്കിയിട്ടുള്ള വിവരം അറിയിക്കുന്നു.

<u>ഖണ്ഡിക നമ്പർ 234</u>

**ശിപാർശ**

3.27.1 പുളിങ്കുന്ന് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ നഴ്സുമാരിൽ ചിലർക്ക് യൂണിഫോം വാങ്ങി നൽകുകയും മറ്റ് ചിലർക്ക് യൂണിഫോം അലവൻസ് നൽകുകയും ചെയ്തതിന്റെ കാരണം 12-8-2004-ലെ തെളിവെടുപ്പിൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആരാഞ്ഞു. ഹെഡ് നേഴ്സ്, സ്റ്റാഫ് നേഴ്സ് എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് യൂണിഫോം അലവൻസിന് അർഹതയുണ്ടെന്നും എന്നാൽ നഴ്സിംഗ് അസിസ്റ്റന്റ്, അറ്റൻഡർ മുതലായവർക്ക് യൂണിഫോമിനേ അർഹതയുള്ളുവെന്നും അതിനാൽ തുണി വാങ്ങി നൽകുകയാണ് പതിവെന്നും ആ വർഷം സർക്കാർ ഫണ്ട് കിട്ടാതെ വന്നപ്പോൾ ബ്ലോക്ക് ഫണ്ടിൽ നിന്ന് നഴ്സുമാർക്ക് യൂണിഫോം അലവൻസ് നൽകുകയും ക്ലാസ്ഫോർ ജീവനക്കാർക്ക് യൂണിഫോം തുണി വാങ്ങി നൽകുകയുമാണുണ്ടായതെന്നും എടത്വാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർ (ഇൻ ചാർജ്ജ്) സമിതി മുമ്പാകെ വ്യക്തമാക്കുകയുണ്ടായി. മെഡിക്കൽ ഓഫീസറുടെ മറുപടി പൊതുവേ തൃപ്തികരമാണെന്ന് ബോദ്ധ്യപ്പെട്ടതിനാലും പ്രസ്തുത മറുപടി അംഗീകരിക്കാമെന്ന ആലപ്പുഴ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ശിപാർശ പരിഗണിച്ചും (ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 28-9-2004-ലെ എൽ.എഫ്.15205/ സ്പെ.സെൽ(ജി1)2004 നമ്പർ പ്രകാരം ലഭിച്ചത്) ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.27.2 ബഹു. നിയമസഭാ സമിതിയുടെ 11-ാം മത് റിപ്പോർട്ടിലെ ഖണ്ഡിക 234 നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി ഉത്തരവിറക്കിയിട്ടുള്ള വിവരം അറിയിക്കുന്നു.

ഖണ്ഡിക നമ്പർ 238

**ശിപാർശ**

3.28.1 സി.എഫ്. ലാമ്പുകളുടെ പർച്ചേയ്സിൽ സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങളുടെ നഗ്നമായ ലംഘനവും ഒട്ടേറെ ക്രമക്കേടുകളും ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള സാഹചര്യത്തിലും 28 ലാമ്പുകൾ മാത്രം ലഭിച്ചതായി രണ്ട് പഞ്ചായത്ത് പ്രസിഡന്റുമാരുടെ സാക്ഷ്യപത്രം മാത്രം ഉണ്ടായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലും 123 ലാമ്പുകൾ (1,15,434 രൂപയുള്ള) വാങ്ങുകയോ വാങ്ങിയെങ്കിൽതന്നെ വിതരണം ചെയ്തിട്ടില്ലെന്നോ സമിതി വിലയിരുത്തുന്നു. നടപടിക്രമങ്ങൾ പാലിക്കാതെയും എഗ്രിമെന്റിൽ ഒപ്പിടാതെയും, ഉത്തരവ് (proceedings) പുറപ്പെടുവിക്കാതെയും സി.എഫ്. ലാമ്പുകൾ വാങ്ങിയതിനും അവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതിരുന്നതിനും അന്നത്തെ വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തന്നെയാണ് ഉത്തരവാദികളെന്നാണ് സമിതിയുടെ വിലയിരുത്തൽ. ആയതിനാൽ 123 സി.എഫ്. ലാമ്പുകൾ വാങ്ങുന്നതിനായി (ആകെ വാങ്ങിയെന്നറിയിച്ച 151 ലാമ്പുകളിൽ നീലംപേരൂർ, രാമങ്കരി ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിച്ചതായി ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റുമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള 23 ലാമ്പുകൾ കഴിച്ച്) ചെലവഴിച്ച തുക അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ബന്ധപ്പെട്ട മറ്റുദ്യോഗസ്ഥരിൽനിന്നുമായി ഈടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.28.2 അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. ഇ. ബഷീർ (റിട്ട.), ഫിറോസ് മൻസിൽ പടിഞ്ഞാറ്റിൻകര, കൊട്ടാരക്കര, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന W. P. (C) No. 7479/08 നമ്പർ കേസ് 17-4-2012-ൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയ്ക്ക് കൈമാറിയിട്ടുള്ളതും കൂടാതെ തുടർന്നുള്ള അന്വേഷണത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ടി കേസ് ലിസ്റ്റ് ചെയ്തിട്ടില്ലെന്നും ലിസ്റ്റ് ചെയ്തു കഴിഞ്ഞാൽ മാത്രമേ കേസ് ഹിയറിംഗിന് പോസ്റ്റ് ചെയ്യുകയുള്ളൂ എന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.28.3 വെളിയനാട് ബ്ലോക്ക് പഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ സെക്രട്ടറി ബോദ്ധ്യപ്പെടുത്തിയിട്ടുള്ളത്, അന്നത്തെ സെക്രട്ടറി ശ്രീ. ബഷീർ 2008-ൽ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് 17-4-2012-ൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയ്ക്ക് മാറ്റിയിട്ടുണ്ട് എന്നാണ്. എന്നാൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ടെലിഫോൺ മുഖാന്തരം അന്വേഷിച്ചതിൽ ടി കേസ് റ്റി.എ. നമ്പർ 4899/12 ആയി ലിസ്റ്റ് ചെയ്യുകയും 21-1-2015-ൽ ഡിസ്പോസൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതായും അറിഞ്ഞിട്ടുണ്ട് എന്ന് ബഹു. സമിതിയെ അറിയിക്കുന്നു.

## 19-8-2015-ലെ സമിതിയോഗം ആരാഞ്ഞ അധിക വിവരം

3.28.4 ഡിസ്പോസൽ ലിസ്റ്റിൽ ഉൾപ്പെട്ട കേസ്സിന്റെ നിലവിലുള്ള സ്ഥിതിയെന്താണെന്നും കോടതി വിധിപ്രകാരം സ്വീകരിച്ച നടപടിയെന്താണെന്നും അറിയിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടുക.

## സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം

3.28.5 അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. ഇ. ബഷീർ (റിട്ട.) ഫിറോസ് മൻസിൽ പടിഞ്ഞാറ്റിൻകര, കൊട്ടാരക്കര, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന ഡബ്ല്യൂ. പി. സി. 7479/08 നമ്പർ കേസ് 17-4-2012-ൽ കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണലിലേക്ക് കൈമാറിയിട്ടുള്ളതും കൂടാതെ തുടർന്നുള്ള അന്വേഷണത്തിൽ ടി കേസ് ലിസ്റ്റ് ചെയ്തിട്ടില്ലെന്നും ലിസ്റ്റ് ചെയ്തു കഴിഞ്ഞാൽ മാത്രമേ കേസ് ഹിയറിംഗിന് പോസ്റ്റ് ചെയ്യുകയുള്ളു എന്നും അറിയാൻ കഴിഞ്ഞ വിവരവും, കോടതി ഉത്തരവിനനുസരിച്ച് ടി തുക തിരിച്ച് പിടിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതുമാണെന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## അധികവിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.28.6 ശ്രീ. ഇ. ബഷീർ, മുൻ ബി.ഡി.ഒ. ഫയൽ ചെയ്തിരുന്ന കേസിൽ, ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 3-6-2016-ലെ വിധി പ്രകാരം നഷ്ടതുക അടയ്ക്കാൻ അദ്ദേഹം ബാധ്യസ്ഥനല്ല എന്നാണ് പ്രസ്താവിച്ചരിക്കുന്നത്.

## ഖണ്ഡിക നമ്പർ 248

## ശിപാർശ

3.29.1 പത്രപരസ്യം നൽകിയിട്ടില്ലെന്നുള്ളതും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ച് അതിൽ നിന്ന് ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിച്ചില്ല എന്നുള്ളതും ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച തന്നെയാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതിയുടെ ഫലപ്രദമായ മോണിറ്ററിംഗ് നടന്നിട്ടില്ലെന്നുള്ളതും എടുത്ത് പറയേണ്ട കാര്യമാണ്. ആയതിനാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടവരുടെ പേരിൽ ഉത്തരവാദിത്വം നിജപ്പെടുത്തി തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.29.2 അന്നത്തെ സെക്രട്ടറി ആയിരുന്ന ശ്രീ. ഇ. ബഷീർ (റിട്ട.) ഫിറോസ് മൻസിൽ പടിഞ്ഞാറ്റിൻകര, കൊട്ടാരക്കര, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന ഡബ്ല്യു. പി. സി. 7479/08 നമ്പർ കേസ് 17-4-2012-ൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേക്ക് കൈമാറിയിട്ടുള്ളതും കൂടാതെ തുടർന്നുള്ള അന്വേഷണത്തിൽ ടി കേസ് ലിസ്റ്റ് ചെയ്തിട്ടില്ലെന്നും ലിസ്റ്റ് ചെയ്തു കഴിഞ്ഞാൽ മാത്രമേ കേസ് ഹിയറിംഗിന് പോസ്റ്റ് ചെയ്യുകയുള്ളൂ എന്നും അറിയാൻ കഴിഞ്ഞ വിവരവും, കോടതി ഉത്തരവിനനുസരിച്ച് ടി തുക തിരിച്ച് പിടിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതുമാണെന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.29.3 ശ്രീ. ഇ. ബഷീർ, മുൻ ബി.ഡി.ഒ. ഫയൽ ചെയ്തിരുന്ന കേസിൽ, ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 13-6-2016-ലെ വിധി പ്രകാരം നഷ്ടതുക അടയ്ക്കാൻ അദ്ദേഹം ബാധ്യസ്ഥനല്ല എന്നാണ് പ്രസ്താവിച്ചിരിക്കുന്നത്.

<u>ഖണ്ഡിക നമ്പർ 256</u>

**ശിപാർശ**

3.30.1 പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത വിവരം അറിയാതെയാണ് രണ്ട് റോഡുപണികൾക്കും പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചതെന്നും നേതാജി ഷൺമുഖം റോഡിന്റെ ഒന്നാം റീച്ച് പണികളുടെ ബിൽ തുക കഴിച്ച്, ബാക്കിയുള്ള 5,168 രൂപ കൺവീനറെ കൊണ്ട് തിരിച്ചടച്ചിട്ടുണ്ടെന്നും പാതിരപ്പള്ളി ആസ്പിൻവാൾ റോഡ് പണികൾക്കായി ആകെ 29,294 രൂപ മാത്രമാണ് ചെലവായിട്ടുള്ളതെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു. എന്നാൽ ഈ ചെലവ് ഓഡിറ്റിൽ അംഗീകരിക്കാതിരുന്നതുമൂലം സർചാർജ്ജ് നടപടി സ്വീകരിക്കുകയും സർചാർജ്ജിനെതിരെ ബന്ധപ്പെട്ട കമ്മിറ്റികൾ ആലപ്പുഴ ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നും ആലപ്പുഴ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമിതിക്ക് റിപ്പോർട്ട് നൽകിയിട്ടുള്ള [ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 28-9-2004-ലെ എൽ. എഫ്. 15205/സ്പെ.സെൽ(ജി1)/2004 നമ്പർ കത്ത് പ്രകാരം] സാഹചര്യത്തിൽ ഇക്കാര്യത്തിൽ കോടതിവിധിക്കനുസൃതമായ നടപടികൾ കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.30.2 ബഹുമാനപ്പെട്ട ആലപ്പുഴ ജില്ലാ കോടതിയുടെ 3-7-2008-ലെ ഒ. പി. നമ്പർ (എൽ.എഫ്.എ.) 25/2004-മേലും ബഹുമാനപ്പെട്ട ആലപ്പുഴ അഡീഷണൽ ജില്ലാ

കോടതിയുടെ 23-7-2008-ലെ ഒ. പി. നമ്പർ (കെ.എൽ.എഫ്.എ.) 18/2004, 19/2004, 20/2004, 21/2004, 22/2004-ന്മേലുള്ള ഉത്തരവുകൾ പ്രകാരം ടി വിഷയത്തിൽ സർചാർജ്ജ് ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിക്കും അന്നത്തെ സെക്രട്ടറിക്കും അനുകൂലമായ വിധി ഉണ്ടായിട്ടുള്ളതാണ്.

- കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.30.3 മറുപടിയിൽ പരാമർശിച്ചിട്ടുള്ള കോടതി ഉത്തരവുകളുടെ പകർപ്പുകൾ ഹാജരാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 259

**ശിപാർശ**

3.31.1 ഗ്രാമവികസന വകുപ്പ് വഴിയുള്ള പദ്ധതികൾക്ക് പ്രാദേശിക നിരക്ക് നൽകാൻ വ്യവസ്ഥയുണ്ടെന്നുള്ള വസ്തുത, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അറിയാൻ കഴിയാതെ പോയതുകൊണ്ടാണ് ഇങ്ങനെയൊരു ഓഡിറ്റ് പരാമർശമുണ്ടായതെന്ന് സമിതി അനുമാനിക്കുന്നു. ആയതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് റിപ്പോർട്ടുകൾ പൂർത്തിയാക്കുന്നതിനുമുമ്പ് തന്നെ കാലാകാലങ്ങളിലുള്ള ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശ രേഖകളും കൃത്യമായി പരിശോധിക്കണമെന്നും ഇവ സൂക്ഷ്മമായി പരിശോധിച്ചശേഷം മാത്രമേ ഓഡിറ്റ് നിഗമനങ്ങൾക്ക് അന്തിമരൂപം നൽകാൻ പാടുള്ളൂവെന്നും സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.31.2 ഇത് സംബന്ധിച്ച് ഒരു പൊതു നിർദ്ദേശം പുറപ്പെടുവിക്കുന്നതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.31.3 നിലവിൽ നിർദ്ദേശം പാലിക്കുന്നുണ്ട്.

ഖണ്ഡിക നമ്പർ 260

**ശിപാർശ**

3.32.1 ഗ്രാമവികസന വകുപ്പ് വഴി നൽകിയ പദ്ധതിയെന്ന നിലയിൽ പ്രാദേശിക നിരക്ക് നൽകുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വർദ്ധനവ് നൽകിയിട്ടുള്ളതെന്നും അത് അനുവദനീയമാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തന്നെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.32.2 ബഹു. നിയമസഭാ സമിതിയുടെ 11-ാം മത് റിപ്പോർട്ടിലെ ഖണ്ഡിക 260-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>ഖണ്ഡിക നമ്പർ 268</u>

**ശിപാർശ**

3.33.1 തുറമുകൾ കോളനി റോഡ് ഉദ്ധാരണ പ്രവൃത്തിക്ക് 15,638 രൂപ അധികം നൽകിയിട്ടുണ്ട്. അത് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽനിന്ന് ഈടാക്കണമെന്ന് ഓഡിറ്റ് പരാമർശങ്ങളുണ്ടായിട്ടും ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിക്കാൻ ബ്ലോക്ക് പഞ്ചായത്ത് സമിതിക്ക് അധികാരമില്ലെന്നും എറണാകുളം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 26-8-2004-ലെ പുനഃപരിശോധനാ റിപ്പോർട്ടിൽ വീണ്ടും വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 1997-98 വർഷം നടത്തിയ തുറമുകൾ കോളനി റോഡ് ഉദ്ധാരണ പ്രവൃത്തിക്ക് 15,638 രൂപ അധികം നൽകിയതിനുത്തരവാദിയായ മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. സി. വി. ജോർജ്ജിൽ നിന്ന് പ്രസ്തുത തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.33.2 ബഹുമാനപ്പെട്ട നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം കരാറുകാരന് അധികം നൽകിയ തുക 15,638 (പതിനയ്യായിരത്തി അറുന്നൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) രൂപ മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. റ്റി. വി. ജോർജ്ജ് 14-3-2008-ൽ രസീത് നമ്പർ 5/427 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചതായി നിലവിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.33.3 കരാറുകാരന് അധികം നൽകിയ തുക 15,638 രൂപ ശ്രീ. ടി. വി. ജോർജ്ജ് 14-3-2008-ൽ രസീത് നമ്പർ 5/427 പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ടി തുക 18-3-2008-ൽ ചെലാൻ നമ്പർ 72 പ്രകാരം ബി.പി.എഫ്.എ., അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

ഖണ്ഡിക നമ്പർ 273

**ശിപാർശ**

3.34.1 ഗ്രാമവികസന കമ്മീഷണറുടെ പരിഗണനയ്ക്ക് വന്ന കേസ് എന്ന നിലയിൽ കുവപ്പടി മേലേത്തിനാൽ പാടം ലിഫ്റ്റ് ഇറിഗേഷൻ പമ്പ് സെറ്റ് വാങ്ങിയതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ, ഗ്രാമവികസന കമ്മീഷണർ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും അധികം ചെലവഴിച്ച 29,000 രൂപ ഉത്തരവാദികളായവരെ കണ്ടെത്തി അവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.34.2 പ്രസ്തുത പ്രവൃത്തിയുടെ അന്തിമ ബില്ല് അനുവദിച്ച മുൻ സെക്രട്ടറി ശ്രീ. എൻ. കെ. തങ്കപ്പനും, ബില്ല് തയ്യാറാക്കിയ മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഇബ്രാഹിം കുട്ടിയും മരണപ്പെട്ട വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.34.3 ടി പ്രവൃത്തിയുടെ അന്തിമ ബിൽ അനുവദിച്ച മുൻ സെക്രട്ടറി ശ്രീ. എൻ. കെ. തങ്കപ്പൻ, ബിൽ തയ്യാറാക്കിയ മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഇബ്രാഹിം കുട്ടി എന്നിവരുടെ മരണ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്.

അദ്ധ്യായം IV

## സമിതി റിപ്പോർട്ടിലെ ശിപാർശയിന്മേൽ നാളിതുവരെ സർക്കാർ മറുപടി ലഭിക്കാത്ത ശിപാർശകൾ

ഖണ്ഡിക നമ്പർ 36

**ശിപാർശ**

**4.1 സമിതി നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള 90,000 രൂപ പലിശ സഹിതം സെന്റർ ഫോർ എൺവയോൺമെന്റ് സ്റ്റഡീസിൽ നിന്നും തിരികെ ലഭിച്ചുവെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ച സാഹചര്യത്തിൽ ഈ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

*246/2020*

<u>ഖണ്ഡിക നമ്പർ 59</u>

**ശിപാർശ**

**4.2 നടപടിക്രമങ്ങൾ പാലിക്കാതെയും ചട്ടവിരുദ്ധമായും മൂന്ന് സംഘങ്ങൾക്കുമായി 39.28 ലക്ഷം രൂപ ധനസഹായം നൽകിയതിന് അന്നത്തെ വാമനപുരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. ദാസിയും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയും തുല്യ ഉത്തരവാദികളാണെന്ന് സമിതി വിലയിരുത്തുന്നു. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെട്ടിട്ടുള്ള കേസ് എന്ന നിലയിൽ വകുപ്പുതല അന്വേഷണം ഫലപ്രദമാവില്ലെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് നൽകിയിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഒരു വിജിലൻസ് അന്വേഷണം സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 127</u>

**ശിപാർശ**

4.3 **കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് 144 അംഗൻവാടികളുണ്ടെന്നും അവയെല്ലാം നന്നായി പ്രവർത്തിക്കുന്നുണ്ടെന്നും വാങ്ങിയ കസേരകളെല്ലാം അംഗൻവാടികളിലുണ്ടെന്നും ഐ.സി.ഡി.എസ്., സി.ഡി.പി.ഒ. സമിതിക്ക് തെളിവുനൽകിയത് ഉത്തമവിശ്വാസത്തിലെടുത്ത് ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു.**

ഖണ്ഡിക നമ്പർ 151

**ശിപാർശ**

4.4 **പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തതിന് രേഖകളുണ്ടോയെന്നും മൂന്ന് ലക്ഷം രൂപയോളം ചെലവഴിച്ച് മേശയും കസേരയും വിതരണം ചെയ്തതിന് രക്ഷാകർത്താക്കളിൽ നിന്നോ കുട്ടികളിൽ നിന്നോ രസീതുകൾ ലഭിച്ചിട്ടുണ്ടോയെന്നും, 12-8-2004-ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന്, ലഭിച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് തന്നെയാണ് മേശയും കസേരയും നൽകിയതെന്നും അർഹരായിട്ടുള്ളവരെ വാർഡുമെമ്പർമാരാണ് തെരഞ്ഞെടുത്തതെന്നും സെക്രട്ടറി ബോധിപ്പിച്ചു. ഇതുസംബന്ധമായി ഹാജരാക്കിയ രേഖകൾ സെക്രട്ടറിയുടെ വിശദീകരണത്തെ സാധൂകരിക്കുന്നതാണെന്ന് ബോധ്യപ്പെട്ടതിനാൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഖണ്ഡിക നമ്പർ 189

**ശിപാർശ**

**4.5 പറക്കോട് ബ്ലോക്ക് പഞ്ചായത്തിലെ അയൽക്കൂട്ടങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി രജിസ്റ്ററുകളും ബുക്കുകളും അച്ചടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും പരിശോധിക്കുകയും ഈ പ്രോജക്റ്റിൽ ക്രമക്കേടുകൾ ബോധ്യമായിട്ടുണ്ടെന്നും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ കഴിയില്ലെന്നും ഭരണ വകുപ്പ് മുഖാന്തരം സമഗ്രമായ അന്വേഷണം അനിവാര്യമാണെന്നും പത്തനംതിട്ട ലോക്കൽഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് നൽകിയിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ തലത്തിൽ യുക്തമായ അധികാരസ്ഥാനത്തെക്കൊണ്ട് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

തിരുവനന്തപുരം,
2020 ഫെബ്രുവരി 12.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി.*

അനുബന്ധം

# പ്രധാനപ്പെട്ട നിഗമനങ്ങൾ/തുടർ ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം | നിഗമനങ്ങൾ/തുടർശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.4 | തദ്ദേശസ്വയംഭരണ വകുപ്പ് | റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.2.4 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും അവയുടെ ധനവിനിയോഗം സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അടിയന്തരമായി ഹാജരാക്കുവാനും അധിക ധനവിനിയോഗം സംബന്ധിച്ച വിശദാംശം ഒരു മാസത്തിനുള്ളിൽ സമിതിക്കു സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 2.3.7 | തദ്ദേശസ്വയംഭരണ വകുപ്പ് | ചെയ്ത പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്താതെ മുൻകൂർ നൽകിയത് സംബന്ധിച്ച പരാമർശത്തിന്മേലുള്ള നടപടി അവസാനിപ്പിക്കാനും സർക്കാരിന്റെ അനുമതിയില്ലാതെ വ്യാപാരകേന്ദ്രം നിർമ്മിച്ചതിലും വാടക അനുവദിച്ചതിലുമുള്ള ക്രമക്കേട് സംബന്ധിച്ച് അന്വേഷണത്തിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 2.4.8 | തദ്ദേശസ്വയംഭരണ വകുപ്പ് | സംഘത്തിന് അനുവദിച്ച ഫണ്ട് വിനിയോഗിച്ച് വാങ്ങിയ 372 കിലോ ഗ്രാം കശുവണ്ടി സംസ്കരിച്ച് വിൽപ്പന നടത്തിയ ഇനത്തിൽ ലഭിച്ച വരുമാനം വരവിൽ ഉൾക്കൊള്ളിക്കാത്തതും ആയത് വിനിയോഗിച്ചതും സംബന്ധിച്ച് ദുരൂഹത നിലനിൽക്കേ ഉത്തരവാദിയെന്ന് സംശയിക്കപ്പെടുന്ന ഉദ്യോഗസ്ഥനെ കുറ്റവിമുക്തനാക്കിയ നടപടി ഉചിതമല്ലെന്ന് വിലയിരുത്തിയ സമിതി ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | 2.5.6 | തദ്ദേശസ്വയംഭരണ വകുപ്പ് | ബ്ലോക്ക് പഞ്ചായത്തിന്റെ ധനസഹായത്താൽ സഹകരണ സംഘത്തിന്റെ പേരിൽ വാങ്ങിയ വാൻ ആരുടെയെങ്കിലും പേരിലേക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോയെന്നും, ഇപ്പോൾ അത് ആരുടെ പേരിലാണെന്നും, പദ്ധതി തുകയിൽ ഒരു ലക്ഷം രൂപ എന്ത് ചെയ്തുവെന്നും അന്വേഷിച്ച് റിപ്പോർട്ട് നൽകുവാനും ഇതുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 2.6.5 | തദ്ദേശസ്വയംഭരണ വകുപ്പ് | സമിതി ശിപാർശ പ്രകാരം ആർ. ആർ. നടപടി പൂർത്തീകരിച്ചിട്ടുണ്ടോ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്നും, സ്വീകരിച്ച നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും 15 ദിവസത്തിനകം അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 2.7.4 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിലെ പരാമർശവുമായി ബന്ധപ്പെട്ട് കോടതിയിൽ നിലവിലുള്ള കേസിന്റെ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 2.8.4 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കേസ് തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കുക. |
| 9 | 2.9.4 | തദ്ദേശസ്വയംഭരണ വകുപ്പ് | കോടതി നടപടിയനുസരിച്ച് ശ്രീ. എ. എ. ബാലന്റെ കേസ് തീർപ്പാക്കാനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനും ശ്രീ. എം. എം. യാക്കോബ്, ശ്രീ. കെ. വി. തങ്കപ്പൻ എന്നിവരിൽ നിന്നും തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 2.10.4 | തദ്ദേശസ്വയംഭരണ വകുപ്പ് | ബഹു. കോടതി മുമ്പാകെയുള്ള കേസുകളുടെ അന്തിമ വിധിയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 4.1 | തദ്ദേശസ്വയംഭരണ വകുപ്പ് | സമിതി നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള 90,000 രൂപ പലിശ സഹിതം സെന്റർ ഫോർ എൺവയോൺമെന്റ് സ്റ്റഡീസിൽ നിന്നും തിരികെ ലഭിച്ചുവെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ച സാഹചര്യത്തിൽ ഈ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 12 | 4.2 | തദ്ദേശസ്വയംഭരണ വകുപ്പ് | നടപടിക്രമങ്ങൾ പാലിക്കാതെയും ചട്ടവിരുദ്ധമായും മൂന്ന് സംഘങ്ങൾക്കുമായി 39.28 ലക്ഷം രൂപ ധനസഹായം നൽകിയതിന് അന്നത്തെ വാമനപുരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. ഭാസിയും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയും തുല്യ ഉത്തരവാദികളാണെന്ന് സമിതി വിലയിരുത്തുന്നു. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെട്ടിട്ടുള്ള കേസ് എന്ന നിലയിൽ വകുപ്പുതല അന്വേഷണം ഫലപ്രദമാവില്ലെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് നൽകിയിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഒരു വിജിലൻസ് അന്വേഷണം സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 4.3 | തദ്ദേശസ്വയംഭരണ വകുപ്പ് | കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് 144 അംഗൻവാടികളുണ്ടെന്നും അവയെല്ലാം നന്നായി പ്രവർത്തിക്കുന്നുണ്ടെന്നും വാങ്ങിയ കസേരകളെല്ലാം അംഗൻവാടികളിലുണ്ടെന്നും ഐ.സി.ഡി.എസ്., സി.ഡി.പി.ഒ. സമിതിക്ക് തെളിവുനൽകിയത് ഉത്തമവിശ്വാസത്തിലെടുത്ത് ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 14 | 4.4 | തദ്ദേശസ്വയംഭരണ വകുപ്പ് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തതിന് രേഖകളുണ്ടോയെന്നും മൂന്ന് ലക്ഷം രൂപയോളം ചെലവഴിച്ച് മേശയും കസേരയും വിതരണം ചെയ്തതിന് രക്ഷാകർത്താക്കളിൽ നിന്നോ കുട്ടികളിൽ നിന്നോ രസീതുകൾ ലഭിച്ചിട്ടുണ്ടോയെന്നും, 12-8-2004-ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന്, ലഭിച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് തന്നെയാണ് മേശയും കസേരയും നൽകിയതെന്നും അർഹരായിട്ടുള്ളവരെ വാർഡുമെമ്പർമാരാണ് തെരഞ്ഞെടുത്തതെന്നും സെക്രട്ടറി ബോധിപ്പിച്ചു. ഇതുസംബന്ധമായി ഹാജരാക്കിയ രേഖകൾ സെക്രട്ടറിയുടെ വിശദീകരണത്തെ സാധൂകരിക്കുന്നതാണെന്ന് ബോധ്യപ്പെട്ടതിനാൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 15 | 4.5 | തദ്ദേശസ്വയംഭരണ വകുപ്പ് | പറക്കോട് ബ്ലോക്ക് പഞ്ചായത്തിലെ അയൽക്കൂട്ടങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി രജിസ്റ്ററുകളും ബുക്കുകളും അച്ചടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും പരിശോധിക്കുകയും ഈ പ്രോജക്റ്റിൽ ക്രമക്കേടുകൾ ബോധ്യമായിട്ടുണ്ടെന്നും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ കഴിയില്ലെന്നും ഭരണ വകുപ്പ് മുഖാന്തരം സമഗ്രമായ അന്വേഷണം അനിവാര്യമാണെന്നും പത്തനംതിട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് നൽകിയിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ തലത്തിൽ യുക്തമായ അധികാരസ്ഥാനത്തെ ക്കൊണ്ട് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |